# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കരുംകുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2020-2021


**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം**
**തിരുവനന്തപുരം.-695001**

**ഇ-മെയിൽ: lfadtvm@yahoo.in**
**ഫോൺ : 0471-2331231**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA TVM/GP3/1015/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 30/06/2022
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കരുംകുളം ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ്

സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA TVM/GP3/1015/22 തീയ്യതി: 30/06/2022

## തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 22 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 42 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 15-06-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

# (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

## ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.ശ്രീജ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 06-06-2022 | 15-06-2022 |

## ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-06-2022 | 15-06-2022 |

## ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. പ്രതാപ് കുമാർ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)
ശ്രീമതി. ബിന്ദുലത ബി.പി., ഓഡിറ്റർ (സീനിയർ ഗ്രേഡ്)
ശ്രീ. രാജു എസ്., ഓഡിറ്റർ
ശ്രീമതി. പ്രിയദർശിനി എസ്.ആർ.,ഓഡിറ്റർ

# (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജി.അനിൽ കുമാർ | പ്രസിഡന്റ് | 01-04-2020 | 31-03-2021 |
| ശ്രീ.സന്തോഷ് കുമാർ പി.ബി | സെക്രട്ടറി | 01-04-2020 | 31-03-2021 |

# നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.രാജപുഷ്പം പി.ജെ | അഗ്രിക്കൾച്ചർ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ.സുമിൽ ബി.എസ് | വെറ്റിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി.രതീദേവി അമ്മ പി | എച്ച്.എം, പള്ളം | 01-04-2020 | 31-05-2020 |
| ശ്രീ.ജോയി ജോസഫ് ബി | എച്ച്.എം, പള്ളം | 01-06-2020 | 17-06-2020 |

| | | | |
|---|---|---|---|
| ശ്രീമതി.ഗിരിജ ഒ | എച്ച്.എം, പള്ളം | 18-06-2020 | 31-03-2021 |
| ശ്രീമതി.ഷീജ പി | വി.ഇ.ഒ | 01-04-2020 | 26-01-2021 |
| ശ്രീ.സമ്പത്ത് മോഹൻ | വി.ഇ.ഒ | 27-01-2021 | 31-03-2021 |
| ശ്രീ.അരുൺ.ജെ പ്രതാപ് | അസിസ്റ്റൻറ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി | 01-04-2020 | 31-03-2021 |
| ശ്രീ.ഷിബു റ്റി.എസ് | ഡയറി ഫാം ഇൻസ്ട്രക്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.കാർത്തികേയൻ.റ്റി | ഫിഷറീസ് ഓഫീസർ | 01-04-2020 | 16-02-2021 |
| ശ്രീമതി.ലിൻറാ ജോൺ | ഫിഷറീസ് ഓഫീസർ | 17-02-2021 | 31-03-2021 |
| ശ്രീമതി.ലില്ലിബായ് എൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.ദീപ എസ് മണി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-11-2020 | 31-03-2021 |
| ശ്രീമതി.റീന ശാന്തം | മെഡിക്കൽ ഓഫീസർ, ആയുർവ്വേദം | 01-04-2020 | 31-03-2021 |
| ശ്രീ.റിയാസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദുകുമാരി ഒ.വൈ. | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ലത എ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-06-2020 | 03-11-2020 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബഡ്ജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ക്ഷേമപദ്ധതികൾ | 1-5 |
| 6 | ക്യാഷ് വെരിഫിക്കേഷൻ | 1-6 |
| 7 | ആഭ്യന്തര നിയന്ത്രണം | 1-7 |
| 8 | തൊഴിലുറപ്പ് പദ്ധതി | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു. | 1-10 |
| 11 | വസ്തു നികുതി നിർണ്ണയം, ഈടാക്കൽ എന്നിവയിലെ അപാകതകൾ | 1-11 |
| 12 | തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല. | 1-12 |
| 13 | ട്രേഡ്സ് ലിസ്റ്റ് ഹാജരാക്കിയില്ല. | 1-13 |
| 14 | റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. | 1-14 |
| 15 | പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. | 1-15 |
| 16 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.225000/- രൂപ തടസ്സപ്പെടുത്തുന്നു. | 1-16 |
| 17 | നിയമാനുസൃതമായി നിർമ്മിക്കാത്ത കെട്ടിടങ്ങൾക്ക് ധനസഹായം നൽകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ് | 1-17 |
| 18 | കെട്ടിടത്തിന്റെ കാലപ്പഴക്കം തെറ്റായി രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകി-25000/-രൂപ തടസ്സപ്പെടുത്തുന്നു. | 1-18 |
| 19 | ലാപ്പ്ടോപ്പ് വിതരണം-നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്. | 1-19 |
| 20 | ടെണ്ടർ ഫീ ഈടാക്കിയില്ല | 1-20 |
| 21 | ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല. | 1-21 |
| 22 | നഷ്ടപരിഹാരം നൽകിയത് - പിഴ അധികമായി അനുവദിച്ചു - 8,389/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 1-22 |
| 23 | അൺസർവേ ഭുമിയിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിനു കൈമാറിയിരിക്കുന്നു. | 1-23 |

| | | |
|---|---|---|
| 24 | സർക്കാർ അനുമതി ഇല്ലാതെ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തി പോരുന്നു. | 1-24 |
| 25 | സ്ട്രീറ്റ് ടാപ്പുകൾ - ആവശ്യമില്ലാത്തവ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല | 1-25 |
| 26 | വിനിയോഗ രേഖകൾ ലഭ്യമായില്ല – 3799453/- രൂപ തടസ്സം ചെയ്യുന്നു | 1-26 |
| 27 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല – 1314686/- രൂപ തടസ്സം ചെയ്യുന്നു. | 1-27 |
| 28 | വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല – 850000/- രൂപ തടസ്സം ചെയ്യുന്നു. | 1-28 |
| 29 | ഓട ക്ലീനിംഗ് പദ്ധതി - 671364/- രൂപ തടസ്സം ചെയ്യുന്നു. | 1-29 |
| 30 | കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വാടക ഒടുക്കൽ - 5,16,693/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു | 1-30 |
| 31 | മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ -49934/- രൂപ തടസ്സം ചെയ്യുന്നു | 1-31 |
| 32 | രസീത് പരിശോധനയിലെ അപാകതകൾ | 1-32 |
| 33 | ഇറിഗേഷൻ കനാലിന് കുറുകെയുള്ള പാലം പണിക്ക് ഇറിഗേഷൻ വകുപ്പിന്റെ അനുമതി വാങ്ങിയില്ല. | 1-33 |
| 34 | പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങൾ/മറ്റ് ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല. | 1-34 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| 1 | നഷ്ടപരിഹാരം നൽകിയത് - പലിശ അധികമായി അനുവദിച്ചു - 8,389/- രൂപയുടെ ചെലവ് നിരാകരിക്കുന്നു. | 3-1 |
| **ഭാഗം 4** | | |
| 1 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പാ-വായ്പാ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |

| | | |
|---|---|---|
| 7 | സമാഹൃത റിപ്പോർട്ടിൽ  ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം | 4-7 |
| 8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ. | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ബഡ്ജറ്റ്

കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് 23-3-2020-ൽ കൂടിയ ജനറൽ കമ്മിറ്റി സാധാരണയോഗം 1-ാം നമ്പർ തീരുമാനപ്രകാരം അഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിത വരവ് - ചെലവുകൾ ചുവടെപ്പറയും പ്രകാരമാണ്.

| | |
|---|---|
| പ്രതീക്ഷിത വരവ് മുന്നിരിപ്പ് ഉൾപ്പടെ | 338562415 |
| ആകെ | 338562415 |
| പ്രതീക്ഷിത ചെലവ് | 328411812 |
| നീക്കിയിരിപ്പ് | 10150603 |

(എ) വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികൾ പാലിച്ചിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും വിധേയമായി പഞ്ചായത്ത് വാർഷിക ബജറ്റ് രൂപീകരണത്തിനായി സ്വീകരിക്കേണ്ട നടപടികളൊന്നും തന്നെ പാലിച്ചിട്ടില്ല. പൂർണ്ണമായബജറ്റ്ശുപാർശ, രൂപീകരണം എന്നിവ ഉൾപ്പെട്ട ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

(ബി) ബജറ്റ് പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ

(1)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഹെഡ് കോഡ് | ഇനം | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള ചെലവ് തുക |
|---|---|---|---|---|
| 1 | 2510115 | സാക്ഷരത | 0 | 125000 |
| 2 | 2522005 | നടപ്പാതകൾ | 0 | 6559394 |
| 3 | 2523001 | പൊതുകെട്ടിടങ്ങൾ | 0 | 580872 |
| 4 | 2523002 | പൊതുകെട്ടിടങ്ങൾ-മറ്റ് കെട്ടിടങ്ങൾ | 0 | 99154 |

(2) 2020-21സാമ്പത്തിക വർഷത്തെ ബജറ്റിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ഹെഡ് കോഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|

| | | | |
|---|---|---|---|
| | | തുക | |
| 2501032 | മൃഗസംരക്ഷണം-ആട് വളർത്തൽ | 500000/- | 0 |
| 2511009 | വായനശാലകളും റീഡിംഗ് റൂമുകളും | 1350000/- | 0 |
| 2513009 | വനിത ക്ഷേമ പരിപാടി | 200000/- | 0 |

(3) 2020-21സാമ്പത്തിക വർഷത്തെ ബജറ്റിൽ വിവിധ ഇനങ്ങളിൽ വകയിരുത്തിയ തുകയെക്കാൾ കൂടുതൽ ചെലവഴിച്ചു.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ബഡ്ജറ്റിൽ വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| 2207001.തെരഞ്ഞെടുപ്പ് ചെലവ് | 200000 | 453367 |
| 2207101അസാധാരണ ചെലവ് | 50000 | 6859757 |
| 2501035 മുട്ടക്കോഴി വളർത്തൽ | 100000 | 189600 |
| 2512009 സാനിട്ടേഷൻ | 70000 | 3684686 |
| 2513007 അഗതി ക്ഷേമം | 50000 | 277962 |
| 2522001 റോഡുകൾ | 3700000 | 4749529 |
| 2531014 കുടിവെള്ളത്തിന് പണം നൽകൽ | 1000000 | 1376013 |

ബഡ്ജറ്റ് രൂപീകരണത്തിലെ നടപടികളും മറ്റ് വിശദവിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 5/2022-ന് കൃത്യമായ മറുപടി ലഭ്യമാക്കിയില്ല.കേരള പഞ്ചായത്ത് രാജ് നിയമം 214 വകുപ്പിൽ അനുശാസിക്കുന്ന രീതിയിൽ അപാകതകളില്ലാതെ ബജറ്റ് തയ്യാറാക്കുന്നതിനും, ബജറ്റ് യഥാർത്ഥ വരവ് ചെലവുകൾക്കനുസരിച്ച് യഥാസമയം പുതുക്കുന്നതിനും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയും ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി |
|---|---|
| 31-7-2021 | 30-7-2021 |

2020-2021 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. 2011 ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2(ഇ) പ്രകാരമുള്ള അക്കൗണ്ടിൻ മേലുള്ള കുറിപ്പുകൾ, ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, 62(3) പ്രകാരം മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ

തയ്യാറാക്കി വാർഷിക ധനകാര്യ പത്രികക്കൊപ്പം സമർപ്പിച്ചിട്ടില്ല.

2. കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2) പ്രകാരം ഗ്രാമപഞ്ചായത്തിൽ അക്രൂവൽ ചെയ്യേണ്ട വരുമാനങ്ങളുടെ കാര്യത്തിൽ ഡിമാന്റ് സംബന്ധിച്ചും ഡിമാന്റുകളിലും അഡ്ജസ്റ്റുമെന്റിലും വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചും പ്രതിമാസ സമ്മറി സെക്രട്ടറി തയ്യാറാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ ഇനങ്ങളുടേയും പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന രേഖപ്പെടുത്തേണ്ടതുമാണ്. അപ്രകാരം ഡിമാന്റ് ചെയ്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

3. ഗ്രാമപഞ്ചായത്തിലെ Fixed Asset- കളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന്റെ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കിയിട്ടില്ല

4. 2020-21 ബാലൻസ്ഷീറ്റിൽ B7 ഷെഡ്യൂളിൽ 560545/- രൂപ ഡെപ്പോസിറ്റ് തിരികെ നല്കാൻ അവശേഷിക്കുന്നതായി കാണുന്നു. ഇവയിൽ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ പഞ്ചായത്ത് ഫണ്ടിൽ മുതൽകൂട്ടിയിട്ടില്ല.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

5. Advance To Implimenting Officers 460500501 ഹെഡിൽ 971246/-രൂപയുംAdvance To Others 460509901ഹെഡിൽ 711878/- രൂപയും ക്രമീകരിക്കാതെ അവശേഷിക്കുന്നു.

6. B9-ഷെഡ്യൂളിൽ പെൻഷൻ കോൺട്രിബ്യൂഷൻ ഇനത്തിൽ 72165 /-രൂപ അടവാക്കാൻ ബാക്കിയായി രേഖപ്പെടുത്തിയിരിക്കുന്നു.

7. B18-ഷെഡ്യൂളിൽ ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ 2019-2020 മുതൽ 21600/-രൂപ തിരികെ ലഭിക്കാനുള്ള തുക ഈടാക്കിയിട്ടില്ല.

8. 31.3.21-ൽ അവശേഷിക്കുന്നഗ്രാമപഞ്ചായത്തിലെ സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തി ബാലൻസ് ഷീറ്റ് B-14 Stock Inhand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല. സ്റ്റോക്കുകളുടെ മൂല്യം പൂജ്യം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു.

9. 350800113നമ്പർ ഹെഡിൽ (B9)ഇലക്ട്രിസിറ്റി ചാർജ് -സ്ടീറ്റ് ലൈറ്റ് ഇനത്തിൽ 48974/-രൂപ തിരികെ ലഭിക്കാനുള്ളതായി രേഖപ്പെടുത്തിയിരിക്കുന്നു.

10. തൻവർഷRp-(43)-ൽ ലഭിക്കുന്ന അരിയർ മുൻവർഷ B15-ലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല. വസ്തുനികുതി ഡിമാൻഡ്, കളക്ഷൻ ,ബാലൻസ് എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

11. 2020-21-ലെ ഷെഡ്യൂൾ 1-1-ൽ Property Tax On Residential Buildings-ഉം Non Residential Buildings -ഉം ഉൾപ്പടെ ആകെ ഡിമാൻഡ് 2709142/- രൂപയാണ്.എന്നാൽ സ്ഥാപനം ലഭ്യമാക്കിയ D.C.B.സ്റ്റേറ്റ്മെന്റ് പ്രകാരം കറന്റ് ഇനത്തിൽ 2862713/-രൂപയുമാണ്.ടിയിനത്തിൽ 153571/-രൂപയാണ്.പ്രസ്തുത വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

12. എ.ഇ-യുടെ പേരിൽ 39139855906 എന്ന നമ്പരിലുള്ള SBI-അക്കൌണ്ടിൽ 1401847 /-രൂപ ബാലൻസ് നിലനിൽക്കുന്നു.പ്രസ്തുത അക്കൌണ്ട് എ.എഫ്.സിൽ ചേർത്തിട്ടില്ല.

13. ഹരിതകർമ്മസേന കൺസോർഷ്യത്തിന്റെ വരവ് ചെലവും എ.എഫ്.എസ്-ൽ ചേർത്തിട്ടില്ല.

14. തൻ വർഷം ഗ്രാമപഞ്ചായത്ത് തൊഴിൽരഹിത വേതനമിനത്തിൽ 37,440/- രൂപയും (ട്രഷറി ബിൽ നം. 37/22.09.2020), വിവാഹധനസഹായമിനത്തിൽ 50000/- രൂപയും (ട്രഷറി ബിൽ നം. 43/29.12..2020) പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക വാർഷിക

കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഇനം | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| Development Fund General | 31409557 | 30094794 * | 1314763 |
| Development Fund SCP | 3109785 | 2808522 ** | 301263 |
| Development Fund CFC Tied | 11490000 | 2660535 | 8829465 |
| Development Fund CFC Untied | 25007485 | 19929086 | 5078399 |
| Non Road | 7768622 | 7845379 *** | 76757 |
| Road | 26106000 | 24488730 | 1617270 |

*** Development Fund General-ൽ ഗ്രാന്റ് സ്റ്റേറ്റ്മെന്ററ് പ്രകാരം ചെലവ് 30094794/-രൂപയും എ.എഫ്.എസ് പ്രകാരം ചെലവ് 26611143/-രൂപയാണ്.വ്യത്യാസം 3483651/-രൂപയാണ്.**

** Development Fund SCP ൽ ഗ്രാന്റ് സ്റ്റേറ്റ്മെന്ററ് പ്രകാരം ചെലവ് 2808522/-രൂപയും എ.എഫ്.എസ് പ്രകാരം ചെലവ് 2647307/-രൂപയാണ്.വ്യത്യാസം 161215/-രൂപയാണ്.

*** Non Road-ൽ ഗ്രാന്റ് സ്റ്റേറ്റ്മെന്ററ് പ്രകാരം ചെലവ് 7845379/-രൂപയും എ.എഫ്.എസ് പ്രകാരം ചെലവ് 7766001/-രൂപയാണ്.വ്യത്യാസം 79378/-രൂപയാണ്.

1. കേന്ദ്രാവിഷ്കൃത ഫണ്ടിന്റെയും സംസ്ഥാനാവിഷ്കൃത ഫണ്ടിന്റെയും വരവ് വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. സുലേഖയിൽ CFS ഗ്രാന്റുകളുടെ ചെലവ് തുകയായ 2258962/-രൂപ ഗ്രാന്ററ് സ്റ്റേറ്റ്മെന്ററ്റുമായി പൊരുത്തപ്പെടുന്നില്ല.മേൽ വിവരിച്ച അപാകങ്ങൾക്ക് ക്രമനമ്പർ അനുസരിച്ച് മറുപടി ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 8/22-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

**1-3-1 2020-21 വർഷത്തെ വാർഷിക ധനകാര്യ പത്രിക B-4 Schedule പ്രകാരം തനതു ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിച്ച തുകകൾ ചുവടെ ചേർക്കുന്നു.**

| ക്രമ നം | ഹെഡ്സ്കോഡ് | ഇനം | 2020-21 വർഷത്തെ എ.എഫ്.എസ് B-4 Schedule പ്രകാരം ചെലവഴിക്കാതെ അവശേഷിക്കുന്ന തുക |
|---|---|---|---|
| 1 | 320100121 | Centrally Sponsored Scheme-ICDS | 548628 |
| 2 | 320200322 | Grants From Suchithwa Mission | 313362 |
| 3 | 320300103 | Total Sanitation | 133000 |
| 4 | 320300199 | Grants,funds&contributions For Specific Purposes Other Govt.Agencies | 1690267 |
| 5 | 320700204 | Joint Venture Projects-from Block Panchayats | 680370 |
| 6 | 320700205 | Joint Venture Projects-from District Panchayats | 26048 |

നീക്കിയിരിപ്പായുള്ള തുകകൾ ചെലവഴിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം അതാത് ഹെഡിൽ തിരികെ അടവാക്കേണ്ടതുമാണ്.

**1-3-2 2020-21 സാമ്പത്തിക വർഷത്തെ എ.എഫ്.എസ് -ലെ ബി-4 ഷെഡ്യൂൾ പ്രകാരം താഴെ പറയുന്ന ഇനങ്ങളിൽ ചെലവഴിക്കാതെ അവശേഷിക്കുന്നു.**

| ക്രമ നം. | ഹെഡ് ഓഫ് അക്കൗണ്ട് | ഇനം | നീക്കിയിരിപ്പ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 320800101 | Beneficiary Contibutions | 9209 |
| 2 | 320800299 | Donations To Flood | 36950 |
| 3 | 350200301 | Recoveries- Covid | 168400 |

Beneficiary Contribution ഇനത്തിൽ ചെലവഴിക്കാത്ത തുക ചെലവഴിക്കാൻ വേണ്ട നടപടികൽ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ഗുണഭോക്താക്കൾക്ക് തിരികെ നൽകേണ്ടതാണ്. മറ്റ് തുകകൾ അതാത് ഹെഡിൽ അടവാക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതിച്ചെലവ് | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 311 | 281122365 | 242 | 115822002 | 78 |

## 1-5 ക്ഷേമപദ്ധതികൾ

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (വാർഷിക കണക്കു കൾ പ്രകാരം) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4797900 | 299 |
| വിധവ പെൻഷൻ | 13879100 | 973 |
| വാർദ്ധക്യകാലപെൻഷൻ | 33762600 | 2897 |
| വികലാംഗപെൻഷൻ | 7802200 | 552 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 380000 | 27 |

തൻ വർഷം ഗ്രാമപഞ്ചായത്ത് തൊഴിൽരഹിത വേതനമിനത്തിൽ 37,440/- രൂപയും (ട്രഷറി ബിൽ നം. 37/22.09.2020), വിവാഹധനസഹായമിനത്തിൽ 50000/- രൂപയും (ട്രഷറി ബിൽ നം. 43/29.12..2020) പിൻവലിച്ചിട്ടുണ്ട്. പ്രസ്തുത തുക വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 10-06-2022 തീയതിയിൽ 2.33 പി.എം-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 5876/-(അയ്യായിരത്തി എണ്ണൂറ്റി എഴുപത്തി ആറ്) രൂപയുടെ ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-7 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ജോലി നിർവ്വഹണം, ഓഫീസ് ഓർഡർ മുഖേന സെക്ഷനുകൾക്ക് വിഭജിച്ച് നൽകിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് അവശ്യം എഴുതി സൂക്ഷിക്കേണ്ട പല രജിസ്റ്ററുകളും രേഖകളും, ശരിയാംവണ്ണം പരിപാലിച്ചു കാണുന്നില്ല. ആസ്തി രജിസ്റ്ററിൽ നിരവധി വർഷങ്ങളായി പഞ്ചായത്ത് ആർജ്ജിച്ച ആസ്തികളുടെ വിവരം എഴുതി സൂക്ഷിക്കുന്നില്ല. മുൻകൂറുകൾ നൽകുന്നതിന്റെയും, അഡ്ജസ്റ്റ് ചെയ്യുന്നതിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന അഡ്വാൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. പൊതു ജനങ്ങളിൽ നിന്നും ലഭിക്കുന്ന പരാതികളുടെയും, അവയുടെ പരിഹരിക്കലിന്റെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന പരാതി രജിസ്റ്ററും എഴുതി സൂക്ഷിക്കുന്നില്ല. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട നിരവധി ഫയലുകളിൽ' നോട്ട്ഫയൽ ' എഴുതി സൂക്ഷിക്കുന്നതായി കാണുന്നില്ല. പദ്ധതി നിർവ്വഹണത്തിന് മോണിറ്ററിംഗ് സമിതികൾ മേൽനോട്ടം വഹിക്കുന്നതായോ, പദ്ധതി പൂർത്തീകരണം സാക്ഷ്യപ്പെടുത്തുന്നതായോ കാണുന്നില്ല. തനത് വരവിനങ്ങൾ പൂർണമായും പിരിച്ചെടുക്കുന്നതിന് കഴിഞ്ഞിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യ വ്യാപാര സ്ഥാപനങ്ങളുടെയും വിവരങ്ങൾ ഉൾക്കൊള്ളുന്ന ' Traders List' തയ്യാറാക്കിയിട്ടില്ല. തൊഴിൽ നികുതി ഈടാക്കേണ്ട സ്ഥാപനങ്ങളിൽ നിന്നും ആയത് കൃത്യമായി ഡിമാന്റ് ചെയ്യുകയോ സ്ഥാപനങ്ങളുടെ അർദ്ധവാർഷിക വരുമാന സ്റ്റേറ്റ്മെന്റുകൾ ആവശ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല. വരവിനങ്ങളെ സംബന്ധിക്കുന്ന രജിസ്റ്ററുകളിൽ വർഷാന്ത്യ ഡിമാന്റ്/കളക്ഷൻ/ബാലൻസ് വിവരങ്ങളുടെ സംക്ഷിപ്തം എഴുതി സൂക്ഷിക്കുന്നില്ല. മേഖലാടിസ്ഥാനത്തിൽ കൃത്യമായി വസ്തു നികുതി നിർണ്ണയിക്കുന്നതിലും, നിർണ്ണയിക്കപ്പെട്ട വസ്തു നികുതി പൂർണമായും പിരിച്ചെടുക്കുന്നതിലും വീഴ്ചകൾ സംഭവിച്ചതായി കാണുന്നു.

## 1-8 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 329 | 1582462 | 1582791 | 1260595 | 322196 |
| ഗുണഭോക്താക്കൾക്ക് | 0 | 31892899 | 31892899 | 31892899 | 0 |

| | | | | | |
|---|---|---|---|---|---|
| നേരിട്ട് നൽകുന്നത് | | | | | |
| ആകെ | 329 | 33475361 | 33475690 | 33153494 | 322196 |

ഭൂവികസന പ്രവൃത്തികൾ- ലഭ്യമായ ഭൂവിസ്തീർണ്ണത്തിലും, അധിക വിസ്തീർണ്ണത്തിൽ ഭൂവികസന പ്രവൃത്തികൾ നിർവഹിച്ചിരിക്കുന്നു.

എ) തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ 1614001003/LD/394731 എന്ന പ്രവൃത്തിയുടെ എംബുക്ക് 314/20-21 പ്രകാരം 5800ച.മീ അളവിൽ 2.28.1 Surface Dressing Of The Ground Including Removing Vegetaion And Inequalities Not Exceeding 15cm Deep And Disposal Of Rubbish, Lead Upto 50m And Lift Up To 1.5m
All Kinds Of Soil എന്ന ഇനം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയലിൽ സൂക്ഷിച്ചുള്ള രേഖകൾ പ്രകാരം ഏകദേശം 5735 ചമീ സ്ഥലം മാത്രമാണ് പ്രവൃത്തിക്കായി ലഭ്യമായിട്ടുള്ളത്.

ബി) തരിശ് ഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ ഒന്നാം ഘട്ടം വാർഡ് 11 1614001003/WC/408183 എന്ന പ്രവൃത്തിയുടെ എംബുക്ക് 224/20-21 പ്രകാരം 6000ച.മീ അളവിൽ 2.28.1 Surface Dressing Of The Ground Including Removing Vegetaion And Inequalities Not Exceeding 15cm Deep And Disposal Of Rubbish, Lead Upto 50m And Lift Up To 1.5m
All Kinds Of Soil എന്ന ഇനം പ്രവൃത്തി ചെയ്തതായി രേഖപ്പെടുത്തി തുക അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ഫയലിൽ സൂക്ഷിച്ചുള്ള രേഖകൾ പ്രകാരം ഏകദേശം 5903 ചമീ സ്ഥലം മാത്രമാണ് പ്രവൃത്തിക്കായി ലഭ്യമായിട്ടുള്ളത്.

സി) മഴക്കുഴി നിർമ്മാണം വാർഡ് 2 1 1614001003/IF/480743 എന്ന പ്രവൃത്തിയുടെ എംബുക്ക് 96/20-21 പ്രകാരം 800ച.മീ അളവിൽ 2.3.1 Clearing Jungle Including Uprooting Of Rank Vegetation Etc, 140 ചമീ അളവിൽ 80.25 Earth Work Excavation..., 38.4 ക്യു.മീ. അളവിൽ 80.8.120 Earthen Bund (For Preventing Rain Water Run Off Errosion) എന്നീ ഇനം പ്രവൃത്തികൾ ചെയ്തതിലേക്കായി 33500/- രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ പ്രവൃത്തി ഫയലിൽ പ്രവൃത്തി ചെയ്ത ഭൂമിയുടെ ഉടമസ്ഥന്റെ സമ്മതപത്രമോ, വസ്തുവിന്റെ കരം ഒടുക്കിയ രസീതോ ഉൾപ്പെടുത്തിയിട്ടില്ല.

അപാകത സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് (നം.36/14.06.2022) എ), ബി) പ്രവൃത്തികളിൽ ഫയലിൽ സൂക്ഷിച്ചിരിക്കുന്ന കരരസീത് പ്രകാരമുള്ള അളവിനേക്കാൾ കൂടുതൽ ഭൂമി കൈവശമുള്ളതിനാലാണ് എം ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന അളവിൽ വ്യത്യാസം കാണുന്നത് എന്നും, സി) യിലെ പ്രവൃത്തി വാർഡ് തലത്തിലാണ് നടപ്പാക്കിയത് എന്നും, പ്രവൃത്തിയുടെ നിർവഹണവേളയിൽ കരരസീതും സമ്മതപത്രവും വാങ്ങുന്നതിന് മേറ്റുമാരെ ചുമതലപ്പെടുത്തിയിരുന്നുവെങ്കിലും, സമയബന്ധിതമായി രേഖകൾ ലഭ്യമാകാത്തതിനാലാണ് ഫയലിൽ ഉൾപ്പെടുത്താൻ കഴിയാത്തത് എന്നും മറുപടി ലഭ്യമാക്കി. പ്രസ്തുത മറുപടി തൃപ്തികരമല്ല. ഭൂവുടമകളുടെ സമ്മതപത്രം/അപേക്ഷ, കരം ഒടുക്കിയ രസീത് എന്നിവ ലഭ്യമാക്കിയശേഷം, പ്രവൃത്തിക്കായി ലഭ്യമായിട്ടുള്ള യഥാർത്ഥ വിസ്തീർണ്ണം സ്ഥലപരിശോധന നടത്തി ഉറപ്പാക്കിയ ശേഷം മാത്രം പ്രസ്തുത ഭുമിയിൽ പ്രവൃത്തികൾ നടപ്പാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. ഇത്തരം അപാകതകൾ ഭാവിയിൽ കർശനമായി ഒഴിവാക്കേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് | ഓഡിറ്റ് | റിപ്പോർട്ട് |
|---|---|---|---|

| | നടത്തിയ തീയതി | കാലയളവ് | ലഭിച്ച തിയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 21.04.2022 | 01.04.2021 - 31.07.2021 | ലഭിച്ചില്ല |
| അക്കൌണ്ടന്റ് ജനറൽ ഓഡിറ്റ് | 01.06.2018-16.06.2018 | 2017-18 | 10.07.2018 |

## 1-10 റദ്ദാക്കിയ സാംഖ്യ രസീതുകളിലെ തുക സഞ്ചയയിൽ വരവായി രേഖപ്പെടുത്തിയിരിക്കുന്നു.

01.04.2020 മുതൽ 31.03.2021 വരെയുള്ള റദ്ദാക്കിയ രസീതുകളുടെ റിപ്പോർട്ട് പ്രകാരം താഴെപ്പറയുന്ന ക്യാൻസൽഡ് രസീതുകൾ സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട നികുതി ഒടുക്കിയതായി പോസ്റ്റ് ചെയ്തിരിക്കുന്നു.

| ക്രമ നം. | സാംഖ്യാ രസീത് നം. | വാർഡ് ,കെട്ടിട നം. | തുക | തീയതി |
|---|---|---|---|---|
| 1 | 120040101132 | 15, 23 | 100/- | 26.08.20 |
| 2 | 120040102403 | 9, 205A | 250/- | 30.11.20 |
| 3 | 120040102800 | 16, 162 Temp | 450/- | 08.01.20 |
| 4 | 120040103453 | 13, 48 Temp | 418/- | 18.01.20 |

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പ് നമ്പർ.37/15.06.2022 ന് റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ അപ്രൂവ് ചെയ്യാൻ സാങ്കേതിക തടസ്സം ഉണ്ടായിരുന്നതിനാലാണെന്നും, ആയത് പരിശോധിച്ച് കൃത്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. റദ്ദാക്കിയ രസീതുകൾ സഞ്ചയയിൽ നിന്നും നീക്കംചെയ്യാത്തത് ഗുരുതരമായ പിഴവാണ്. സഞ്ചയയിലെ മേൽ അപാകങ്ങൾ പരിഹരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ഈ വിഷയത്തിൽ അടിയന്തിര ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-11 വസ്തു നികുതി നിർണ്ണയം, ഈടാക്കൽ എന്നിവയിലെ അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവനഉപനികുതിയും

സർചാർജ്ജും) ചട്ടങ്ങൾ,ചട്ടം 7 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ പ്രഥമം, ദ്വിതീയം, തൃതീയം എന്നിങ്ങനെ മേഖലകളായി തരം തിരിക്കേണ്ടതും , ചട്ടം 7(4) പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിന്റെ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്. കെട്ടിടങ്ങൾക്ക് വസ്തു നികുതി നിർണയിക്കുമ്പോൾ പ്രസ്തുത മേഖലകളുടെ അടിസ്ഥാനത്തിലാണ് നികുതി ഇളവ് അനുവദിക്കേണ്ടത്. എന്നാൽ ഹൈസെന്ത് ലൂയിസ്(സേക്രഡ് ഹാർട്ട് ഹൌസ്, അമ്പലത്തുംമൂല, ചൊവ്വര പി.ഒ) എന്നയാളുടെ ഉടമസ്ഥതയിലുള്ള വാർഡ് നം. 1 ലെ വാണിജ്യാ വശ്യത്തിനുള്ള കെട്ടിടത്തിലെ കടമുറികളുടെ വസ്തു നികുതി നിർണ്ണയം നടത്തിയതിൽ ചുവടെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്

1. ഒരേ കെട്ടിടത്തിൽ സ്ഥിതി ചെയ്യുന്ന കടമുറികളെ വ്യത്യസ്ഥ മേഖലകളാക്കി കാണിച്ചുകൊണ്ട് നികുതി നിർണ്ണയം നടത്തിയിരിക്കുന്നു.

| നില | കെട്ടിട നം. | മേഖല |
|---|---|---|
| ഗ്രൗണ്ട് | 1/276 | തൃതീയം |
| | 1/278 | തൃതീയം |
| | 1/279 | തൃതീയം |
| | 1/280 | തൃതീയം |
| ഒന്നാം നില | 1/279 A | തൃതീയം |
| | 1/279 B | ദ്വിതീയം |
| | 1/279 D | ദ്വിതീയം |
| | 1/279 E | തൃതീയം |
| രണ്ടാം നില | 1/279 C | ദ്വിതീയം |
| | 1/279 F | തൃതീയം |

2. പ്രസ്തുത കെട്ടിടത്തിന് മുകളിൽ ടവർ നിർമാണവുമായി (പെർമിറ്റ് ഫയൽ നം A2 -1342/20 ) ബന്ധപ്പെട്ട് സമർപ്പിച്ച സൈറ്റ് പ്ലാൻ/കെട്ടിട പ്ലാൻ പ്രകാരം കട മുറികളുടെ ആകെ തറ വിസ്തീർണം 876.45 M2 ഉം എന്നാൽ സഞ്ചയ സ്റ്റേറ്റ്മെന്റ് പ്രകാരം നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് 376.65 M2 നും ആയി കാണുന്നു.

| നില | ബിൽഡിംഗ് നം. | ടവർ പെർമിറ്റ് ലഭിക്കുവാൻ സമർപ്പിച്ച | സഞ്ജയ പ്രകാരം വിസ്തീർണ്ണം | സഞ്ജയ പ്രകാരം കണക്കാക്കിയ |
|---|---|---|---|---|

| | | വിസ്തീർണ്ണം | | നികുതി |
|---|---|---|---|---|
| ഗ്രൗണ്ട് | 1/276 | | 15 M2 (താഴത്തെ നില) | 273 |
| | 1/278 | | 15 M2 (താഴത്തെ നില) | 273 |
| | 1/279 | | 50 M2 (താഴത്തെ നില) | 260 |
| | 1/280 | | 15 M2 (താഴത്തെ നില) | 273 |
| ആകെ | | 274.39 M2 | 95 M2 | |
| ഒന്നാംനില | 1/279 A | | 49 M2 (താഴത്തെ നില) | 1352 |
| | 1/279 B | | 40 M2 (ഒന്നാം നില) | 989 |
| | 1/279 D | | 25 M2 (ഒന്നാം നില) | 340 |
| | 1/279 E | | 88.52 M2 (രണ്ടാം നില) | 2511 |
| ആകെ | | 301.03 M2 | 202.52 M2 | |
| രണ്ടാംനില | 1/279 C | | 34 M2 (ഒന്നാം നില) | 461 |
| | 1/279 F | | 45.13 M2 (രണ്ടാം നില) | 1280 |
| ആകെ | | 301.03 M2 | 79.13 M2 | |
| ആകെ തറ വിസ്തീർണ്ണം | | 876.45 M2 | 376.65 M2 | |

പ്രസ്തുത കെട്ടിടത്തിലെ കടമുറികളുടെ നികുതി നിർണ്ണയം നടത്തിയിരിക്കുന്നത് വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നീ വിഭാഗത്തിന്റെ സ്ലാബിൽ ഉൾപ്പെടുത്തിയാണ് (ച.മീ ന് 30രൂപ നിരക്കിൽ). എന്നാൽ കെട്ടിടത്തിന്റെ ആകെ തറ വിസ്തീർണ്ണം 100 ച.മീ ൽ (876.45 M2)) കൂടുതലുള്ളതിനാൽ വാണിജ്യാവശ്യത്തിനുള്ള 100 ച.മീ ൽ കൂടുതൽ തറ വിസ്തീർണമുള്ള ഹോട്ടൽ, റസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗണുകൾ എന്നീ വിഭാഗത്തിന്റെ സ്ലാബിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തേണ്ടിയിരുന്നത് (കെട്ടിടത്തിന്റെ കാലപ്പഴക്കത്തിന് അനുസരിച്ച്) . 2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം ഉപയോഗക്രമത്തിനനുസരിച്ച് ഓരോ കെട്ടിടങ്ങൾക്കും അടിസ്ഥാന വസ്തു നികുതി നിരക്ക് ഗ്രാമപഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കേണ്ടതാണ്. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് , വകുപ്പ് 243(3) പ്രകാരം യഥാ സമയം നടപടി എടുക്കാത്തതിലുണ്ടായ വീഴ്ച മൂലം , പഞ്ചായത്തിന് കിട്ടേണ്ടതായ എതേങ്കിലും നികുതിയോ, മറ്റ് സംഖ്യയൊ കാലഹരണപ്പെടുകയും

നിയമാനുസരണമുള്ള ഒരു അന്വേഷണത്തിൽ അത് നഷ്ടപ്പെട്ടത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ച മൂലമാണെന്ന് കാണുന്ന പക്ഷം അങ്ങനെ പഞ്ചായത്തിന് നഷ്ടപ്പെട്ട തുക 12% പലിശ സഹിതം ആ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കാം.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം. 34, 14.06.2022) നികുതി നിർണ്ണയത്തിലെ അപാകതകൾ ഒഴിവാക്കി നികുതി പുനർ നിർണ്ണയിച്ച് ബാക്കി തുക ഈടാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. ടി കെട്ടിടത്തിന്റെ നികുതി പുനർ നിർണ്ണയം നടത്തി സഞ്ചയയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3. 60ച.മീ ന് മുകളിൽ തറ വിസ്തീർണ്ണമുള്ളതും പാർപ്പിടാവശ്യമായ കെട്ടിടങ്ങൾക്ക് നികുതി ഈടാക്കിയിട്ടില്ല

2011-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 207-ാം വകുപ്പ് പ്രകാരം വസ്തു നികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്ത ഓരോ കെട്ടിടത്തിനും 203-ാം വകുപ്പ് പ്രകാരവും ചട്ടങ്ങൾ പ്രകാരവും സെക്രട്ടറി വസ്തു നികുതി ചുമത്തേണ്ടതാണ്. ജി.ഒ(എം.എസ്).358/15/ത.സ്വ.ഭ.വ തീ.16.12.2015 പ്രകാരം 60 ച.മീ(660 ചതുരശ്ര അടി) വരെ വിസ്തീർണമുള്ള കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.എന്നാൽ ഗ്രാമപഞ്ചായത്തിലെ 18 വാർഡുകളിൽ ആദ്യത്തെ 5 വാർഡുകൾ പരിശോധിച്ചതിൽ നിന്നും 60 ച.മീ ൽ കൂടുതലുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| വാർഡ് നം. | ഡോർ നം. | കെട്ടിട ഉടമയുടെ പേര് | തറ വിസ്തീർണ്ണം |
|---|---|---|---|
| പി.എച്ച്.സി പുല്ലുവിള (1) | 17 | യേശുദാസൻ | 130 ച.മീ |
| | 82 | മോഹൻദാസ്.ഡി<br>പറമ്പ്പുരയിടം,കൊച്ചുപള്ളി | 70 ച.മീ |
| | 317 | വിദ്യാധരൻ.എ.സ്<br>ചാരത്തട്ട് മേലത്തിൽ വീട് | 63 ച.മീ |
| പഞ്ചായത്ത് ആഫീസ് (3) | 4 | വിർജീനിയ മേരി<br>സന്ധ്യാ ഭവനം | 70 ച.മീ |
| നമ്പ്യാതി (4) | 61 | ദാസ്.ജെ<br>ഉപ്പനിച്ചംവിള,പരണിയം | 70 ച.മീ |
| പരുത്തിപ്പാറ (5) | 456 | വിഷ്ണു<br>മുതുപുരയിടം,കരംകുളം | 150 ച.മീ |

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 7, 08.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിലെ എല്ലാ വാർഡുകളും പരിശോധിച്ച് കെട്ടിടങ്ങളുടെ നികുതി ഈടാക്കാത്തതിലെ അപാകങ്ങൾ പരിഹരിച്ച് വിശദമായ റിപ്പോർട്ട് സഹിതം വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4. നികുതി ഇളവ്- വിമുക്തഭടൻമാർ -സാക്ഷ്യപത്രം ഹാജരാക്കിയില്ല.

സ.ഉ(കൈ)നം.106/17/തസ്വഭവ തീ.26.05.2017 പ്രകാരം വിമുക്ത ഭടന്മാർക്ക്/വിമുക്ത ഭടന്മാരുടെ ഭാര്യമാർക്ക്/ വിധവകൾക്ക് കെട്ടിട നികുതിയിൽ ഇളവ് അനുവദിക്കുമ്പോൾ കെട്ടിട നികുതി ഇളവിന് അർഹരായവർ ഓരോ വർഷവും മാർച്ച് 31 ന് മുമ്പായി നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഗ്രാമപഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്. കെട്ടിടത്തിന് നികുതി ഇളവ് അനുവദിച്ചാൽ വിമുക്തഭടന്റെ പെൻഷൻ ബുക്കിൽ/ഡിസ്ചാർജ്ജ് ബുക്കിൽ ഉത്തരവ് നമ്പർ സഹിതം രേഖപ്പെടുത്തൽ നടത്തേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിർദ്ദിഷ്ട മാതൃകയിലുള്ള സാക്ഷ്യപത്രം/സത്യവാങ്മൂലം ഓരോ വർഷവും വാങ്ങി ഫയലിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ വിമുക്ത ഭടൻമാർക്ക് നികുതി ഇളവ് നൽകിയതിന്റെ വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം7, 08.06.2022) മറുപടി നൽകിയിട്ടില്ല. പഞ്ചായത്തിന്റെ 18 വാർഡുകളിൽ അഞ്ചാം വാർഡ് മാത്രം പരിശോധിച്ചതിൽ 8 പേർക്ക് മേൽ ഉത്തരവിന്റെ പേരിൽ നികുതി ഒഴിവാക്കി നൽകിയിട്ടുണ്ട്. എന്നാൽ വിവരങ്ങൾ പരിശോധനയ്ക്ക് നൽകാത്തതിനാൽ നികുതി ഇളവ് നൽകിയതിന്റെ ആധികാരികത ഉറപ്പാക്കാൻ കഴിഞ്ഞിട്ടില്ല.

| ക്രമ നം | വാർഡ്, കെട്ടിട നം | പേര് |
|---|---|---|
| 1 | 5, 5 | നിക്കളോസ് |
| 2 | 5, 54 | ഭുവന ചന്ദ്രൻ |
| 3 | 5, 83 | ജൂസടിമ .ജെ |
| 4 | 5, 101 | വിൻസന്റ് |
| 5 | 5, 121 B | മേരി പുഷ്പം |
| 6 | 5, 343 | ക്ളീറ്റസ് റൊസാരിയോ |
| 7 | 5, 371 B | സി. അനിൽകുമാർ |
| 8 | 5, 429 | സോളമൻ |

വരും വർഷങ്ങളിൽ സാക്ഷ്യപത്രം നൽകുന്നവർക്ക് മാത്രമെ നികുതി ഇളവ് അനുവദിക്കുന്നുള്ളു എന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-12 തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമല്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് വകുപ്പ് 204 പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ മൊത്തം 60 ദിവസത്തിൽ കുറയാതെ ഇടപാടു നടത്തുന്ന ഓരോ കമ്പനിയുടെയും പഞ്ചായത്ത് പ്രദേശത്തിനുള്ളിലോ പഞ്ചായത്ത് പ്രദേശത്ത് താമസിച്ചുകൊണ്ട് അതിനു വെളിയിലോ ഒരു തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ അല്ലെങ്കിൽ ബിസിനസ്സ് നടത്തുകയോ പൊതുവോ സ്വകാര്യമോ ആയ ഉദ്യോഗം വഹിക്കുന്നതോ അഥാവാ പഞ്ചായത്ത് പ്രദേശത്ത് താമസിക്കുകയും മുതൽ മുടക്കുകളിൽ നിന്ന് എന്തെങ്കിലും ആദായം ലഭിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതുമായ ഏതൊരാളുടെയും മേൽ തൊഴിൽ നികുതി ചുമത്താവുന്നതാണ്. എ.എഫ്.എസ് പ്രകാരം ജീവനക്കാരിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഈടാക്കിയ തൊഴിൽ നികുതി യഥാക്രമം 720725/-, 98380/- രൂപ ആണ് എന്നാൽ പ്രസ്തുത വരവിനെ സാധൂകരിക്കുന്ന തൊഴിൽ നികുതി രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന്മേൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.11, 09.06.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മുഴുവൻ സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപന ജീവനക്കാരുടെയും , വ്യപാര സ്ഥാപനങ്ങളുടെയും തൊഴിൽ നികുതി ലഭ്യമായോ എന്ന് ഉറപ്പ് വരുത്തുവാൻ സാധിച്ചിട്ടില്ല. തൊഴിൽ നികുതി രജിസ്റ്ററിന്റെ അഭാവം തൊഴിൽ നികുതിയിലൂടെ യുള്ള വരവിന്റെ ചോർച്ചയ്ക്ക് കാരണമായേയ്ക്കാം. തൊഴിൽ നികുതി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-13 ട്രേയ്ഡേഴ്സ് ലിസ്റ്റ് ഹാജരാക്കിയില്ല.

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വാണിജ്യസ്ഥാപനങ്ങൾക്കും നിയമവിധേയമായ വ്യവസ്ഥകൾ ക്കനുസൃതമായി യഥാസമയം ലൈസൻസ് നൽകുന്നതുവഴി പരിസ്ഥിതി/ആരോഗ്യ സംരക്ഷണത്തിനും പഞ്ചായത്തിന്റെ തനത് ഫണ്ടിലേയ്ക്ക് ധനം എത്താനും ആയത് പഞ്ചായത്തിന്റെ വികസനപ്രക്രിയയ്ക്ക് ആക്കം കൂട്ടുന്നതിനും സഹായമാകുന്നതാണ്. ഓരോ വർഷവും വാർഡ് തലത്തിൽ ഫീൽഡ് തല പരിശോധന നടത്തി വാർഡ് തല ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി വാണിജ്യസ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. ലൈസൻസ് എടുക്കാവാൻ വേണ്ടി പഞ്ചായത്തിൽ അപേക്ഷ നൽകുന്നവർക്ക് മാത്രമാണ് ലൈസൻസ് നൽകി വരുന്നത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1 തീയതി 06.06.2022 നു ട്രേഡേഴ്സ് ലിസ്റ്റ്

അടിയന്തിരമായി തയ്യാറാക്കി ഓഡിറ്റിന് സമർപ്പിക്കുന്നതാണ് എന്ന മറുപടിയാണ് നൽകിയിട്ടുള്ളത്.വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ലൈസൻസ് ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പൊതുജനങ്ങൾക്ക് അപകടം ഉണ്ടാകുന്ന തരത്തിലും മലിനീകരണം ഉണ്ടാകുന്ന തരത്തിലും സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ

പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-14 റേഷൻ കടകളിൽ നിന്ന് ലൈസൻസ് ഫീയും തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല.

കേരളാ സിവിൽ സപ്ലൈസ് കമ്മീഷണറുടെ 22-01-2019-ലെ (സി.എസ്).എ)-9-764/19 ഉത്തരവ് പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ ലൈസൻസ് ഫീസും, തൊഴിൽ നികുതിയും അടയ്ക്കണമെന്ന് നിഷ്കർഷിക്കുന്നതിനാലും, കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ലൈസൻസ് കൂടാതെ പഞ്ചായത്തിലെ സ്ഥലം ഏതൊരു ആവശ്യത്തിനും ഉപയോഗിക്കാൻ പാടില്ലായെന്നതിനാലും റേഷൻ കടകളിൽ നിന്നും ലൈസൻസ്, തൊഴിൽ നികുതി എന്നിവ ഈടാക്കേണ്ടതാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഈടാക്കുന്നില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.12, 09.06.2022) മറുപടി നൽകിയിട്ടില്ല. മേൽ ഉത്തരവ് പ്രകാരം റേഷൻ കടകളിൽ നിന്നും ലൈസൻസ് ഫീസും, തൊഴിൽ നികുതിയും ഡിമാൻഡ് നോട്ടീസ് നൽകി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനം കൂട്ടുവാൻ വേണ്ടി ധനകാര്യസ്റ്റാൻഡിംഗ് കമ്മിറ്റി ആവശ്യം വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 1-15 പഞ്ചായത്ത് തല ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവു-ചെലവുകൾ കൈകാര്യംചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൌണ്ട് തുടങ്ങേണ്ടതും,ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്.ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടിണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 9/2022ന് നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ലായെന്ന് അറിയിച്ചു.ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല.225000/- രൂപ

**തടസ്സപ്പെടുത്തുന്നു.**

നാല് മുതൽ ആറ് മാസം വരെ പ്രായമുള്ള പശു കുട്ടികൾക്ക് പകുതി വിലയ്ക്ക് കാലിത്തീറ്റ ക്ഷീരസംഘങ്ങൾ വഴി നൽകുന്നതിനായി 2020-21 വർഷത്തിൽ നടപ്പിലാക്കിയ SOO46/20-21 -കന്നുകുട്ടിപരിപാലനം എന്ന പദ്ധതിയ്ക്കായി 531250/-രൂപ വകയിരുത്തുകയും പദ്ധതി നിർവഹണത്തിനായി **62500/-**രൂപ 11-4-2020ലെ UTR ബിൽ 25 പ്രകാരവും, SO113/21 നമ്പർ പ്രോജക്ട് പ്രകാരം 325000/-രൂപ വകയിരുത്തി. പദ്ധതി നിർവഹണത്തിനായി **162500/-**രൂപ 12-3-2021-ലെ 405 നമ്പർ UTRബിൽ പ്രകാരവും ആകെ **225000/-**രൂപ നിർവണോദ്യോഗനായ വെറ്റിനറി സർജൻ S.L.B.P തിരുവനന്തപുരം ഡെപ്യൂട്ടി ഡയറക്ടർക്ക് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 21/22 -ന് നൽകിയ മറുപടിയിൽ, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതാണെന്ന് അറിയിച്ചു. 225000/-രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കുന്നതുവരെ പ്രസ്തുത തുക തടസ്സപ്പെടുത്തുന്നു. **225000-**രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 നിയമാനുസൃതമായി നിർമ്മിക്കാത്ത കെട്ടിടങ്ങൾക്ക് ധനസഹായം നൽകുന്നത് നിരുത്സാഹപ്പെടുത്തേണ്ടതാണ്

പഞ്ചായത്ത് പരിധിയിൽ നിർമ്മിച്ചതും 8വർഷം കാലപ്പഴക്കം ഉള്ളതുമായ വാസയോഗ്യമല്ലാത്തതുമായ കെട്ടിടങ്ങളെ വാസയോഗ്യമാക്കുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ 95/20-21, 47/20-21, 48/20-21, 99/20-21, 289/20-21 പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് 2020-21 വർഷത്തിൽ 3552500/-രൂപ ധനസഹായം നൽകി ചെലവഴിച്ചു. പദ്ധതി ഗുണഭോക്താക്കളുടെ കെട്ടിടങ്ങളുടെ അടിസ്ഥാന വിവരങ്ങൾ സഞ്ചയയിൽ പരിശോധിച്ചതിൽ ഭൂരിഭാഗം കെട്ടിടങ്ങളും താല്ക്കാലിക നമ്പർ ലഭിച്ചതോ, അനധികൃതകെട്ടിടങ്ങളോ ആണെന്ന് കണ്ടെത്തി. നിയമാനുസൃതമല്ലാത്ത പ്രസ്തുത കെട്ടിടങ്ങൾക്ക് ധനസഹായം നൽകിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട് നൽകിയ അന്വേഷണകുറിപ്പ് 35/21-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.താല്ക്കാലിക നമ്പർ ലഭിച്ച കെട്ടിടങ്ങൾക്കും,അനധികൃതകെട്ടിടങ്ങൾക്കും നൽകുന്ന ധനസഹായം ഗ്രാമപഞ്ചായത്ത് പരിധിയിൽ അത്തരത്തിലുള്ള കെട്ടിടങ്ങളുടെ നിർമ്മാണം കൂട്ടുവാൻ പ്രേരിപ്പിക്കുന്നതിനാൽ താല്ക്കാലിക നമ്പർ ലഭിച്ച കെട്ടിടങ്ങൾക്കും,അനധികൃതകെട്ടിടങ്ങൾക്കും നൽകുന്ന ധനസഹായം ഗ്രാമപഞ്ചായത്ത് പുനപരിശോധിക്കേണ്ടതും,അല്ലാത്തപക്ഷം പ്രസ്തുത വിഭാഗത്തിലുള്ള കെട്ടിടങ്ങൾക്ക് ധനസഹായം നൽകുന്നതിന് സർക്കാറിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയശേഷം മാത്രമേ ഇത്തരത്തിലുള്ള ധനസഹായം നൽകാവു.

## 1-18 കെട്ടിടത്തിന്റെ കാലപ്പഴക്കം തെറ്റായി രേഖപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകി-25000/-രൂപ തടസ്സപ്പെടുത്തുന്നു.

SOO95/21 (വീട് വാസയോഗ്യമാക്കൽ- ജനറൽ-50000/-രൂപ വിതം നൽകൽ)പദ്ധതിയ്ക്കായി ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുമ്പോൾ സബ്സിഡി മാർഗരേഖ പ്രകാരം ടി ഗുണഭോക്താക്കളുടെ ഭവനങ്ങൾ 8 വർഷത്തിൽ കൂടുതൽ

കാലപ്പഴക്കം ഉണ്ടായിരിക്കേണ്ടതാണ്. പ്രസ്തുത സർട്ടിഫിക്കറ്റിന്റെയും കൂടി അടിസ്ഥാനത്തിലാണ് നിർവഹണ ഉദ്യോഗസ്ഥൻ തുക അനുവദിക്കുന്നത്.എന്നാൽ വിട് വാസയോഗ്യമാക്കുന്നതിന് വേണ്ടി തെരഞ്ഞെടുക്കുന്ന കെട്ടിടങ്ങളുടെ കാലപ്പഴക്കം നിശ്ചയിച്ചു നൽകുന്ന സർട്ടിഫിക്കറ്റുകൾ കൃത്യത പുലർത്തുന്നില്ലായെന്ന് സഞ്ചയ പരിശോധനയിൽനിന്നും വ്യക്തമാകുന്നു. ശ്രീ.സലു.എസ്.എന്ന ഗുണഭോക്താവിന്റെ 4/456 നമ്പർ കെട്ടിടം സഞ്ചയയിൽ പരിശോധിച്ചതിൽ മേൽ കെട്ടിടത്തിന് 79.04 M2വിസ്തീർണം ഉള്ളതായും, 3-3-2021-ലെ A2-1655/21പ്രകാരം കാലപഴക്കം പൂജ്യം എന്നും, കെട്ടിടത്തിനുള്ള ആദ്യ നികുതി 17-3-2021-ലെ 120040105768 നമ്പർ രസീത് പ്രകാരം സ്ഥീകരിച്ചിരിക്കുന്നതായും കാണുന്നു.എന്നാൽ പ്രസ്തുത കെട്ടിടത്തിന് സെക്രട്ടറി 19-3-2021-ലെ A2-1931/2021നമ്പർ സാക്ഷ്യപത്ര പ്രകാരം 10 വർഷം കാലപ്പഴക്കം ഉള്ളതായി രേഖപ്പെടുത്തി നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ-യ്ക്ക് നൽകി.ഇപ്രകാരം തെറ്റായ കാലപ്പഴക്ക സർട്ടിഫിക്കറ്റ് ലഭിച്ചതിനാൽ നിർവഹണോദ്യോഗസ്ഥനായ വി.ഇ.ഒ.ഗുണഭോക്താവിന് 30-3-2021- ലെ UTRബിൽ 487/21പ്രകാരം ആദ്യ ഗഡുവായി 25000/-രൂപ നൽകി. തെറ്റായ കാലപ്പഴക്ക സർട്ടിഫിക്കറ്റ് നൽകിയതിനുള്ള വിശദീകരണം ആവശ്യപ്പെട്ട്നൽകിയ അന്വേഷണകുറിപ്പ് 14 /22 -ന് സെക്രട്ടറി നൽകിയ മറുപടിയിൽ എ.ഇ. പ്രസ്തുത കെട്ടിടത്തിന് 10വർഷം കാലപ്പഴക്കം ഉള്ളതായി സാക്ഷ്യപ്പെടുത്തിയതുകൊണ്ടാണ് ധനസഹായത്തിന് കാലപ്പഴക്ക സാക്ഷ്യപത്രം നൽകിയെന്ന് വിശദീകരിച്ചു. എന്നാൽ 3-3-2021-ലെ A2-1655/21പ്രകാരം മേൽ കെട്ടിടത്തിന് 2020-21-ലാണ് നമ്പർ നൽകിയയെന്നും, എ.ഇ യുടെ സാക്ഷ്യപത്രം പരിഗണിച്ചാൽ ഗ്രാമപഞ്ചായത്ത് പ്രസ്തുത കെട്ടിടത്തെ ക്രമവത്ക്കരണം നടത്തുകയോ,നികുതി കുടിശ്ശിക ഈടാക്കുകയോ ചെയ്യതിട്ടില്ലായെന്നും വ്യക്തമാകുന്നു. അന്വേഷണകുറിപ്പ് 42/22പ്രകാരം 3-3-2021-ലെ A2-1655/21 ഫയൽ ആവശ്യപ്പെട്ടുവെങ്കിലും ഫയൽ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സഞ്ചയയിലെ അടിസ്ഥാന വിവരങ്ങൾ പരിശോധിക്കതെ തെറ്റായ കാലപ്പഴക്ക സർട്ടിഫിക്കറ്റ് നിർവഹണോദ്യോഗസ്ഥന് നൽകുകയും അതിൻപ്രകാരം ഗുണഭോക്താവിന് 30-3-2021-ലെ UTRബിൽ 487/21പ്രകാരം ആദ്യ ഗഡുവായി നൽകിയ25000/-രൂപ തടസ്സപ്പെടുത്തുന്നു. ഓഡിറ്റ് റിപ്പോർട്ട് ലഭിച്ച് രണ്ട് മാസത്തിനകം വ്യക്തമായ മറുപടിയും എ.ഇ.യുടെ കാലപ്പഴക്ക സർട്ടിഫിക്കറ്റ് പരിഗണിക്കുന്നുവെങ്കിൽ മേൽ കെട്ടിടം ക്രമവത്ക്കരിച്ചും കുടിശ്ശികയായ നികുതി കെട്ടിട ഉടമയിൽ നിന്നും ഈടാക്കിയ രേഖകൾ സഹിതം ലഭ്യമാക്കാത്തപക്ഷം തടസ്സപ്പെടുത്തി 25000/-രൂപ തെറ്റായകാലപ്പഴക്ക സർട്ടിഫിറ്റ് നൽകിയ സെക്രട്ടറിയുടെ ബാധ്യതയായി മാറുന്നതാണ്.

## 1-19 ലാപ്പ്ടോപ്പ് വിതരണം-നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പുലർത്തേണ്ടതാണ്.

132/21നമ്പർ പദ്ധതി പ്രകാരം ബിരുദതലത്തിൽ പഠിക്കുന്ന മത്സ്യതൊഴിലാളികളുടെ മക്കൾക്കായി ലാപ്ടോപ് നൽകുന്നതിനായി 23/10/20-ൽ നടന്ന ജനറൽ കമ്മിറ്റിയോഗം 61 ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ലിസ്റ്റ് നിർവഹണോ ദ്യോഗസ്ഥനായ സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസിന് ലഭ്യമാക്കി. ലാപ്ടോപ്പ് ലഭ്യമായവരുടെ അപേക്ഷകൾ പരിശോധിച്ചതിൽ അജിത ആന്റണി എന്നയാൾ 2020 സെപ്തംബർ മാസത്തിൽ തന്നെ കോഴ്സ് പാസായതായി

കാണുന്നു.പ്രസ്തുത ഗുണഭോക്താവ് അപേക്ഷ നൽകിയത് 10-2-2021-ൽ ആണ്.61 പേർ ഉൾപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ് ലഭ്യമായിട്ടും കോഴ്സ് പൂർത്തിയാക്കി ഗുണഭോക്താവിന് ലാപ്ടോപ്പ് നൽകിയതിനുള്ള വിശദീകരണം ലഭ്യമാക്കാൻ നൽകിയ അന്വേഷണകുറിപ്പ് 29 /22 -ന് നൽകിയ മറുപടിയിൽ പദ്ധതി കാലയളിൽ ഗുണഭേക്താവ് പഠിതാവായതുകൊണ്ടാണ് നൽകിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്. പ്രസ്തുത മറുപടി തൃപ്തികരമല്ല.

മറ്റ് അപാകങ്ങൾ.

1. 32/21നമ്പർ പദ്ധതിപ്രകാരം ലാപ്ടോപ്പ് നൽകൽ പദ്ധതിയ്ക്കായി എത്ര അപേക്ഷകൾ ലഭ്യമായിരുന്നുവെന്നുള്ള വിവരവും, 32/21, So41/21 എന്നീ പദ്ധതികൾ വഴി ലാപ്ടോപ്പുകൾ ലഭിച്ചവർക്ക് മത്സ്യഫെഡ് മുഖാന്തിരം ലാപ്ടോപ്പുകൾ ലഭ്യമായിട്ടില്ലായെന്നുള്ള സാക്ഷ്യപത്രം ഹാജരാക്കാത്തതിനുള്ള വിശദീകരണവും ഓഡിറ്റിന് ലഭ്യമാക്കൻ ആവശ്യപ്പെട്ടുവെങ്കിലും വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല.

2. ഗുണഭോക്താക്കളിൽ ചിലർ തങ്ങൾ വിദേശത്തായതിനാൽ മാതാപിതാക്കൾക്ക് ലാപ്ടോപ്പ് നൽകണമെന്ന് രേഖാമൂലം ആവശ്യപ്പെട്ടതായികാണുന്നു. 32/22-ന് നൽകിയ മറുപടിയിൽ 8-ാായി പ്രദീപ് എന്ന ഗുണഭോക്താവ് വിദേശത്താണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്ന കാലയളവിൽ ഗുണഭോക്താവ് പഠിതാവായിരിക്കണമെന്ന് പദ്ധതിമാർഗരേഖ നിഷ്ക്കർഷിട്ടുള്ളതിനാൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ നിർവഹണോദ്യോഗസ്ഥൻ ജാഗ്രത പൂലർത്തേണ്ടതാണ്.

## 1-20 ടെണ്ടർ ഫീ ഈടാക്കിയില്ല

സ.ഉ.(പി)നം.3/15/ധന തീയതി 05.01.2015, അനുബന്ധ ഉത്തരവുകൾ പ്രകാരം 50000/- രൂപ വരെ അടങ്കൽ ഉള്ള വാങ്ങലുകളുടെ ടെണ്ടർ ഫീ 300/- രൂപയായും, 50,000/- മുതൽ 10 ലക്ഷം വരെ അടങ്കൽ ഉള്ള പദ്ധതികളുടെ ടെണ്ടർ ഫീ പ്രവൃത്തി മൂല്യത്തിന്റെ 0.2% (കുറഞ്ഞത് 500/- രൂപയും, പരമാവധി 2000/- രൂപയും) ആയും നിശ്ചയിച്ചിട്ടുണ്ട്. 1,00,000/- രൂപയിലുമധികം പ്രവൃത്തി മൂല്യമുള്ള പദ്ധതികൾക്കാണ് ഗ്രാമപഞ്ചായത്ത് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. മേൽ ഉത്തരവിൻ പ്രകാരം കുറഞ്ഞത് 500/- രൂപയെങ്കിലും ടെണ്ടർ ഫീ ഇനത്തിൽ ഈടാക്കേണ്ടതുണ്ട്. എന്നാൽ 150110101 സെയിൽ ഓഫ് ടെണ്ടർ ഫോംസ് ഹെഡിൽ 30/- രൂപ, 200/- രൂപ നിരക്കിലും ടെണ്ടർ ഫീ സ്വീകരിച്ചിരിക്കുന്നു. വിശദാംശം ചുവടെ.

| തീയതി | വിവരം | ലഭിച്ച ടെണ്ടർ ഫീ |
|---|---|---|
| 13.07.2020 | ക്യാഷ് വരവ് | 30 |
| 23.10.2020 | ക്യാഷ് വരവ് പ്രോജക്ട് നം. 12/21 | 200 |
| 01.02.2021 | ക്യാഷ് വരവ് | 200 |
| 03.02.2021 | ക്യാഷ് വരവ് | 200 |

ഏതൊക്കെ പദ്ധതികളുടെ ടെണ്ടർ ഫീ ആണ് മേൽ പ്രകാരം ലഭിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല. ടെണ്ടർ രജിസ്റ്റർ പരിശോധനക്ക് ലഭ്യമായില്ല. കൂടാതെ, എം.എൻ.ആർ.ഇ.ജി.എസ്. വിഭാഗത്തിന്റെ ടെണ്ടർ നടപടികളുടെ ഭാഗമായുള്ള ടെണ്ടർ ഫീ അവരുടെ വരുമാനമായി ബന്ധപ്പെട്ട ഹെഡിൽ ഉൾപ്പെടുത്തേണ്ടതുണ്ടെങ്കിലും പ്രസ്തുത വരവും ഗ്രാമപഞ്ചായത്തിന്റെ ടെണ്ടർ ഫീ വരവായാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സർക്കാർ നിർദ്ദേശ പ്രകാരമുള്ള നിരക്കിൽ ടെണ്ടർ ഫീ ഈടാക്കാത്തതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 13/09.06.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശിച്ചിട്ടുള്ള നിരക്കിൽ ഫീസുകളും, നികുതികളും ഈടാക്കുന്നതിനു ശ്രദ്ധിക്കേണ്ടതാണ്. അപാകതക്ക് മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-21 ആസ്തി രജിസ്റ്റർ യഥാവിധി പരിപാലിക്കുന്നില്ല.

സർക്കുലർ നം.58608/ഡി.ബി.2/2009/തസ്വഭവ തീയതി 13.01.2010 ഖണ്ഡിക 3.22 പ്രകാരം ആസ്തി രജിസ്റ്റർ കാലാകാലങ്ങളിൽ മാറ്റം വരുത്തേണ്ടതും, പരിഷ്കരിക്കേണ്ടതുമാണ്. ഒരോ സാമ്പത്തിക വർഷാരംഭത്തിലും മുൻവർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് തയ്യാറാക്കി ഭരണസമിതിക്കു സമർപ്പിക്കേണ്ടതും, ഭരണസമിതിയുടെ അംഗീകാരത്തോടെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കേണ്ടതുമാണ്. തദ്ദേശസ്ഥാപനത്തിന്റെ ഡിജിറ്റൽ ആസ്തി രജിസ്റ്റർ പുതുക്കിയതിന്റെയും, 2020-21 സാമ്പത്തിക വർഷത്തിൽ തദ്ദേശ സ്ഥാപനം ആർജ്ജിച്ചിട്ടുള്ള വിവിധ ആസ്തികളുടെ വിശദാംശം ഉൾപ്പെട്ട റിപ്പോർട്ട് തുടങ്ങിയവ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/08.06.2022) രേഖകൾ ലഭ്യമാക്കുകയോ, മറുപടി ലഭ്യമാക്കുകയോ ഉണ്ടായില്ല. ഗ്രാമപഞ്ചായത്ത് ആർജ്ജിച്ചിട്ടുള്ള ആസ്തികളുടെ വിവരം ഉൾപ്പെടുത്തി ഡിജിറ്റൽ ആസ്തി രജിസ്റ്റർ അപ്ഡേറ്റ് ചെയ്യേണ്ടതും വിശദാംശങ്ങൾ അറിയിക്കേണ്ടതുമാണ്.

## 1-22 നഷ്ടപരിഹാരം നൽകിയത് - പിഴ അധികമായി അനുവദിച്ചു - 8,389/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28.02.2020 ലെ സ.ഉ.(സാധാ)നം.503/2020/തസ്വഭവ ഉത്തരവിലൂടെ ക്ലെയിം നം. 315/2017 ശ്രീ. അന്തോനിയപ്പന് 4,05,000/- രൂപ ക്ലെയിം തീയതിയായ 26.06.2017 മുതൽ, തുക അനുവദിക്കുന്ന തീയതി വരെ 9% നിരക്കിൽ പലിശ ഉൾപ്പെടെ അനുവദിക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവായിരുന്നു. ക്ലെയിം തുക 4,05,000/- രൂപ 03.06.2020 ൽ ശ്രീ. അന്തോനിയപ്പന് ഗ്രാമപഞ്ചായത്ത് അനുവദിച്ചു നൽകി (ചെക്ക് നം. 135464). ക്ലെയിം തീയതി മുതൽ ക്ലെയിം തുക അനുവദിച്ച തീയതിയായ 03.06.2020 വരെയുള്ള പലിശയായ 1,07,153/- രൂപ അനുവദിച്ചു നൽകുന്നതിലേക്കായി 22.06.2020 ൽ ശ്രീ. അന്തോനിയപ്പൻ സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരം 4,05,000/- രൂപയ്ക്ക് 26.06.2017 മുതൽ 03.06.2020 വരെയുള്ള പലിശ 9% നിരക്കിൽ കണക്കാക്കി അനുവദിക്കുന്നതിനു 23.06.2020 ലെ ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് (തീരുമാനം നം.5(1)). 26.06.2017 മുതൽ 03.06.2020 വരെയുള്ള പലിശ 1,07,153/- രൂപ (4,05,000X9/100X1073/365) അനുവദിക്കുന്നതിനു പകരം 1,15,542/- (ചെക്ക് നം. 2061521/26.08.2020) രൂപയാണ് ഗ്രാമപഞ്ചായത്ത് അനുവദിച്ചത്.

അധികമായി തുക അനുവദിച്ചതിനുള്ള കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/13.06.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശിച്ചതിലും അധികമായി അനുവദിച്ച തുക8,389/- ( 1,15,542- 1,07,153) രൂപയുടെ ചെലവു അംഗീകരിക്കുന്നില്ല. തുക അടിയന്തിരമായി ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

## 1-23 അൺസർവേ ഭുമിയിൽ ബ്ലോക്ക് പഞ്ചായത്ത് കെട്ടിടം നിർമ്മിച്ച് ഗ്രാമപഞ്ചായത്തിനു കൈമാറിയിരിക്കുന്നു.

അതിയന്നൂർ ബ്ലോക്ക് പഞ്ചായത്ത് പദ്ധതിയുടെ ഭാഗമായി നിർമ്മാണം നടത്തിയ ഫ്രണ്ട്സ് ക്ലബ് & ഫ്രണ്ട്സ് വനിതാ ലൈബ്രറിയുടെ കെട്ടിടം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തുന്നതിലേക്കായി കൈമാറുകയുണ്ടായി. എന്നാൽ പ്രസ്തുത സ്ഥലം അൺസർവെയിൽ ഉൾപ്പെട്ടതാണെന്നും, ആയതിനാൽ ടി കെട്ടിടത്തിന്റെ ഉടമസ്ഥത സംബന്ധിച്ച് ഡി.ഡി.പി. യിൽ നിന്നും നിർദ്ദേശം സ്വീകരിക്കുന്നതിനു 14.01.2020 തീയതിയിലെ 8(1) തീരുമാനത്തിൽ ഭരണസമിതി നിർദ്ദേശിച്ചിട്ടുണ്ട്. തുടർന്ന് 23.10.2020 ലെ 5(2) തീരുമാനത്തിലൂടെ ഈ കെട്ടിടത്തിനു നമ്പർ അനുവദിക്കുന്നതിനും ഭരണസമിതി തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച് സ്വീകരിച്ച തുടർനടപടികൾ വ്യക്തമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/13.06.2022) മറുപടി ലഭ്യമാക്കിയില്ല. ബന്ധപ്പെട്ട ഫയലും ലഭ്യമായില്ല. അൺസർവേ ഭുമിയിൽ കെട്ടിടം നിർമ്മിക്കപ്പെട്ടത് സംബന്ധിച്ചു സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-24 സർക്കാർ അനുമതി ഇല്ലാതെ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തി പോരുന്നു.

സ.ഉ(പി)നം.28/2016/ധന തീയതി 26.02.2016, സ.ഉ(പി)നം.56/2017/ധന തീയതി 28.04.2017, സ.ഉ(പി)നം.112/2018/ധന തീയതി 21.07.2018, സ.ഉ(അച്ചടി)നം.81/2019/ധന തീയതി 09.07.2019ഉത്തരവുകൾ പ്രകാരം സർക്കാർ അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതാണെന്ന് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഇപ്രകാരം അംഗീകാരമില്ലാത്ത ചുവടെ ചേർക്കുന്ന തസ്തികകളിൽ ഗ്രാമപഞ്ചായത്ത് ദിവസവേതനാടിസ്ഥാനത്തിൽ താത്കാലിക നിയമനം നടത്തി, ആനുകൂല്യങ്ങൾ അനുവദിച്ചു പോരുന്നു.

എ) ഡാറ്റാ എൻട്രി ഓപ്പറേറ്റർ

ശ്രീമതി. അന്നമ്മ എന്ന വ്യക്തിക്ക് ഡാറ്റാ എൻട്രി ഓപ്പറേറ്റർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകി വേതനം അനുവദിച്ചു പോരുന്നുണ്ട്. ശ്രീമതി. അന്നമ്മയുടെ നിയമനം ഏതെങ്കിലും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിലാണെന്നോ, എന്നു മുതൽ ഏതു കാലയളവിലേക്കുള്ളതാണെന്നോ വ്യക്തമല്ല.

ബി) ഡ്രൈവർ

ഗ്രാമപഞ്ചായത്തിന് ഡ്രൈവർ തസ്തികക്ക് അംഗീകാരം ലഭിച്ചിട്ടില്ല. ഡ്രൈവർ തസ്തികയിൽ ഭരണസമിതി താത്കാലികമായി നിയമിച്ച വ്യക്തിയാണ് സേവനം

ചെയ്യുന്നത്.

മേൽ താത്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച രേഖകൾ, നിയമനം നടത്തിയ രീതി, ഇതു സംബന്ധിച്ച ഭരണസമിതി തീരുമാനങ്ങൾ, ഫയൽ തുടങ്ങിയവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.33/14.06.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ ജീവനക്കാർ ഗ്രാമപഞ്ചായത്തുമായി സ്ഥാപിച്ചിട്ടുള്ള കരാറുകളും പരിശോധനക്ക് ലഭ്യമായില്ല.

അംഗീകാരമില്ലാത്ത തസ്തികകളിൽ താത്കാലിക നിയമനം നടത്തുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി നേടേണ്ടതുണ്ട്. കൂടാതെ താത്കാലിക നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരമാണ് നിർവഹിക്കേണ്ടത്. സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചു റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-25 സ്ട്രീറ്റ് ടാപ്പുകൾ - ആവശ്യമില്ലാത്തവ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

വാർഡ് 3 ലെ എല്ലാ വീടുകളിലും പൈപ്പ് കണക്ഷൻ ലഭിച്ചതായും, അതിനാൽ ഈ വാർഡിൽ പൊതുടാപ്പുകൾ ആവിശ്യമില്ലായെന്നും വാർഡ് മെമ്പർ ഭരണസമിതിയെ ബോധ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ 05.03.2021ലെ ഭരണസമിതി 5(20) തീരുമാനത്തിലൂടെ വാർഡ് 3 ലെ പൊതുടാപ്പുകൾ റദ്ദു ചെയ്യുന്നതിനു കേരള വാട്ടർ അതോറിറ്റിയുടെ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകുന്നതിനു നിർദ്ദേശിച്ചിരുന്നു. ഇതു സംബന്ധിച്ചു സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/14.06.2022) മറുപടി ലഭ്യമാക്കിയില്ല. സ്ട്രീറ്റ് ടാപ്പ് രജിസ്റ്ററും ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. നടപ്പു സാമ്പത്തിക വർഷത്തിൽ 162 ടാപ്പുകൾക്കുള്ള വെള്ളക്കരം ആണ് ഗ്രാമപഞ്ചായത്ത് ഒടുക്കിയിട്ടുള്ളത്. മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മേൽ വാർഡിലെ പൊതു ടാപ്പുകൾ റദ്ദു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കേരള വാട്ടർ അതോറിറ്റിയുമായി സംയുക്ത പരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്തേണ്ടതും, തദനുസൃതമായി വാർഡ്, ലൊക്കേഷൻ വിവരങ്ങൾ ഉൾപ്പെടുത്തി സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതുമാണ്.

## 1-26 വിനിയോഗ രേഖകൾ ലഭ്യമായില്ല – 3799453/- രൂപ തടസ്സം ചെയ്യുന്നു

പദ്ധതികളുമായി ബന്ധപ്പെട്ട് വിവിധ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ള തുകയുടെ വിനിയോഗ രേഖകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| പ്രോജക്ട് നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം., തീയതി | ലഭ്യമാക്കാനുള്ള രേഖകൾ |
|---|---|---|---|---|
| 3/21 എസ്.എസ്.എ വിഹിതം നൽകൽ | 1662400 | വികസന ഫണ്ട് ജനറൽ | 16/22.06.2020 | കൈപ്പറ്റ്, വിനിയോഗ രേഖകൾ |

| | | | | |
|---|---|---|---|---|
| 6/21 പി.എം.എ).വൈ. വിഹിതം അടവാക്കൽ (20-21) ജനറൽ | 2000000 | വികസന ഫണ്ട് | 14/22.06.2020-1500000<br>41/23.10.2020-500000 | വിനിയോഗ രേഖകൾ |
| 1/21 ഐ.കെ.എം ന് അടയ്ക്കേണ്ട വിഹിതം | 137053 | വികസന ഫണ്ട് ജനറൽ | 18/23.06.2020 | കൈപ്പറ്റ്, വിനിയോഗ സാക്ഷ്യപത്രം |
| ആകെ | 3799453 | | | |

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/08.06.2022) മറുപടി നൽകിയില്ല. വിനിയോഗ രേഖകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. മറുപടി/രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 3799453/- രൂപ തടസ്സം ചെയ്യുന്നു.

## 1-27 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയായതിനുള്ള രേഖകൾ ലഭ്യമായില്ല – 1314686/- രൂപ തടസ്സം ചെയ്യുന്നു.

നിക്ഷേപ പ്രവൃത്തികൾക്കായി 2020-21 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിർവഹണാധികാരിയായി ചെലവു ചെയ്ത ചുവടെ ചേർക്കുന്ന പദ്ധതികളുടെ പൂർത്തീകരണ രേഖകൾ ഇതുവരെയും ലഭ്യമായിട്ടില്ല.

| പ്രോ. നം., പേര് | ചെലവു തുക | ഫണ്ടിനം | ബിൽ നം., തീയതി | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 87/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 513617 | ധനകാര്യ കമ്മിഷൻ അവാർഡ് | 9/27.05.2020-7334<br>52/06.03.2021-152527<br>60/19.03.2021-25265<br>63/19.03.2021-328491 | കെ.എസ്.ഇ.ബി. പൂവാർ - 412775<br>കെ.എസ്.ഇ.ബി. കാഞ്ഞിരംകുളം - 85424<br>കെ.എസ്.ഇ.ബി. കരുംകുളം - 15418 |
| 100/21 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് | 57525 | ധനകാര്യ കമ്മിഷൻ അവാർഡ് | 61/19.03.2021 | കെ.എസ്.ഇ.ബി. പൂവാർ- 57525 |

| | | | | |
|---|---|---|---|---|
| പോസ്റ്റ് വൈദ്യുതി ലൈൻ എന്നിവ സ്ഥാപിക്കൽ - വാർഡ്11 | | | | |
| 38/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ & പോസ്റ്റ് ഷിഫ്റ്റിംഗ് | 743544 | ധനകാര്യ കമ്മിഷൻ അവാർഡ് | 3/27.05.2020-410390<br>4/27.05.2020-262619<br>5/27.05.2020- 70535 | കെ.എസ്.ഇ.ബി. |
| **ആകെ** | **1314686** | | | |

പ്രവൃത്തികൾക്കായി തുക കൈമാറുന്നതിനു മുൻപ് കെ.എസ്.ഇ.ബി.യുമായി കരാർ ചമക്കേണ്ടതുണ്ടെങ്കിലും, അപ്രകാരം കരാറിലേർപ്പെടാതെയാണ് പ്രവൃത്തിയുടെ തുക നിക്ഷേപിച്ചു നൽകിയത്. പ്രവൃത്തിയുടെ പൂർത്തീകരണ രേഖകൾ, മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് തുടങ്ങിയവ ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് അന്വേഷണങ്ങളിൽ (നം.6/08.06.2022, 38/15.06.2022) ആദ്യത്തേതിന് പ്രവൃത്തികളുടെ വിനിയോഗ രേഖകൾ കെ.എസ്.ഇ.ബി.യിൽ നിന്നും ലഭ്യമാകുന്ന മുറയ്ക്ക് എത്തിക്കുന്നതായി മറുപടി നൽകി. മേൽ പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ (ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ് തുടങ്ങിയവ), പ്രവൃത്തികളുടെ കാര്യക്ഷമമായ പൂർത്തീകരണം സംബന്ധിച്ച് മോണിട്ടറിംഗ് സമിതിയുടെ റിപ്പോർട്ട് എന്നിവ ലഭ്യമാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 1314686/- രൂപ തടസ്സം ചെയ്യുന്നു.

## 1-28 വാട്ടർ അതോറിറ്റി മുഖാന്തിരമുള്ള നിക്ഷേപ പ്രവൃത്തി പൂർത്തിയായില്ല – 850000/- രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം.84/21 വാട്ടർ സപ്ലൈ പൈപ്പ് ലൈൻ സ്ഥാപിക്കൽ (സ്പിൽ ഓവർ)

അടങ്കൽ തുക - 8,50,000/-

ചെലവു തുക - 8,50,000/-

ഫണ്ടിനം - കേന്ദ്രധനകാര്യ കമ്മിഷൻ അവാർഡ്

ബിൽ നം. - 6/27.05.2020

നിർവഹണാധികാരി - സെക്രട്ടറി

പഞ്ചായത്തിലെ പരണിയം ഭാഗത്തുള്ള വാട്ടർ ടാങ്കിൽ നിന്നും തീരപ്രദേശത്ത് കുടിവെള്ളം ലഭ്യമാക്കുന്നതിനുള്ള വിതരണ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ് പദ്ധതി പ്രകാരം ലക്ഷ്യമിട്ടത്. നിക്ഷേപ പ്രവൃത്തിക്കായി തുക കൈമാറുന്നതിനു മുന്നോടിയായി പ്രവൃത്തിയുടെ പൂർത്തീകരണം ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തി സ്ഥാപനവുമായി കരാറിലേർപ്പെടേണ്ടതുണ്ട്. എന്നാൽ കെ.ഡബ്ല്യു.എ. യുമായി കരാർ ചമക്കാതെയാണ് തുക കൈമാറിയിട്ടുള്ളത്. പ്രവൃത്തിയുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ ചുവടെ.

എ) പ്രവൃത്തിക്കായി 150 മീ നീളത്തിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാണ്

കെ.ഡബ്യു.എ. എസ്റ്റിമേറ്റ് നൽകിയിട്ടുള്ളത്. ഇത്രയും നീളത്തിൽ റോഡ് കട്ട് ചെയ്ത് പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ടി സ്ഥാപനത്തിൽ നിന്നും റോഡ് കട്ടിംഗ്/റീസ്റ്റൊറേഷൻ ചാർജ്ജസ് ഈടാക്കിയിട്ടില്ല.

ബി) സ.ഉ.(സാധാ) നം. 1069/2018/തസ്വഭവ തീയതി 16.04.2018 പ്രകാരം കെ.ഡബ്ല്യു.എ. തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും സെന്റേജ് ചാർജ്ജ് ഈടാക്കുവാൻ പാടുള്ളതല്ല. എന്നാൽ 10% നിരക്കിൽ 69781.84 രൂപ സെന്റേജ് ചാർജ്ജസ് ഉൾപ്പെടെയുള്ള നിരക്കാണ് ഗ്രാമപഞ്ചായത്ത് വാട്ടർ അതോറിറ്റിക്കു കൈമാറിയിട്ടുള്ളത്.

സി) പ്രവൃത്തി പൂർത്തീകരിച്ചതിനുള്ള രേഖകൾ, പ്രവൃത്തിയുടെ ഫൈനൽ ബില്ലിന്റെ പകർപ്പ്, പെർഫോമൻസ് റിപ്പോർട്ട് തുടങ്ങിയ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

ഡി) പ്രവൃത്തിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് ലഭ്യമല്ല.

മേൽ അപാകതകൾക്ക് മറുപടി /രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 3/08.06.2022) മറുപടി ലഭ്യമാക്കിയില്ല. സെന്റേജ് ചാർജ്ജ് ഇനത്തിൽ അധികമായി ഈടാക്കിയ തുക 69781.84 രൂപ വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ട്രഷറിയിൽ ഒടുക്കി രേഖകൾ ലഭ്യമാക്കേണ്ടതാണ്. വാട്ടർ അതോറിറ്റിയുടെ പൂർത്തീകരണ രേഖകൾ, ഫൈനൽ ബിൽ തുടങ്ങിയ രേഖകൾ ലഭ്യമാക്കേണ്ടതും, പ്രവൃത്തി നടന്ന റോഡ് പൂർവ്വ സ്ഥിതിയിലേക്ക് റീസ്റ്റോർ ചെയ്തതിനുള്ള രേഖകളും ലഭ്യമാക്കേണ്ടതാണ്. രേഖകൾ/മറുപടിയുടെ അഭാവത്തിൽ പദ്ധതികൾ പ്രകാരം വിനിയോഗിച്ച 850000/- രൂപ തടസ്സം ചെയ്യുന്നു.

## 1-29 ഓട ക്ലീനിംഗ് പദ്ധതി - 671364/- രൂപ തടസ്സം ചെയ്യുന്നു.

പ്രോജക്ട് നം. 216/21 ഓട ക്ലീനിംഗ്, യൂണിറ്റ് കോസ്റ്റ് പ്രകാരം ക്ലീനിംഗ് നടപ്പാക്കൽ

അടങ്കൽ തുക - 7,00,000/-

ചെലവു തുക - 7,00,000/- (സുലേഖ പ്രകാരം)

ഫണ്ടിനം - തനതു ഫണ്ട്

ചെക്ക് നം.,തീയതി - 895343/23.07.2020 - 671364/-

നിർവഹണാധികാരി - സെക്രട്ടറി

പഞ്ചായത്ത് ഭരണസമിതിയും, എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗവും അംഗീകരിച്ച യൂണിറ്റ് കോസ്റ്റ് പ്രകാരം ഓട ക്ലീനിംഗ് പ്രവത്തി നടപ്പാക്കുന്നതിനായാണ് പദ്ധതി ആവിഷ്കരിച്ചത്. പദ്ധതിയുടെ എ.എക്സ്.ഇ. അംഗീകരിച്ച എസ്റ്റിമേറ്റ് റിപ്പോർട്ട്, എസ്റ്റിമേറ്റ് പ്രകാരം നിലവിലുള്ള ഓടയുടെ സ്ലാബ് ഇളക്കിമാറ്റി ഓട ക്ലീൻ ചെയ്ത ശേഷം തിരികെ സ്ഥാപിക്കുന്നതിനും, ആവശ്യമുള്ള പക്ഷം കേടായ സ്ലാബുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരുന്നത്. പ്രവൃത്തിയുടെ ഇനങ്ങൾ, നിരക്ക് ചുവടെ.

നിലവിലുള്ള സ്ലാബ് ഇളക്കി മാറ്റിയ ശേഷം തിരികെ ഇടുന്നതിന് - 206.23 രൂപ/മീ

ഓടയിൽ നിന്നും മാലിന്യങ്ങൾ കോരിമാറ്റി വിജനപ്രദേശത്തേക്ക്

മാറ്റുന്നതിന് - 471.60 രൂപ/ക്യു.മീ

പുതിയ സ്ലാബുകൾ ഇടുന്നതിന് (1മീx0.5മീx0.1മീ) - 776.98 രൂപ/സ്ലാബ്

പുതിയ സ്ലാബുകൾ ഇടുന്നതിന് (1.5മീx0.5മീx0.12മീ) - 1250.03 രൂപ/സ്ലാബ്

മേൽ നിരക്കിന്റെ അടിസ്ഥാനത്തിൽ വാർഡ് 16,17,18,1 എന്നീ വാർഡുകളിലെ ഓടകൾ വൃത്തിയാക്കിയതായും ചുവടെ ചേർക്കും പ്രകാരം ആകെ 7,15,896/- രൂപയുടെ പ്രവൃത്തികൾ ചെയ്തതായും കുറിപ്പ് ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

16,17 വാർഡുകളിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 263364/-

18,1 വാർഡുകളിൽ ചെയ്ത പ്രവൃത്തിയുടെ മൂല്യം - 452532/-

**ആകെ - 715896/-**

സ്രോതസ്സിൽ കുറവു ചെയ്യേണ്ട തുകകൾ

ആദായ നികുതി - 7159

ക്ഷേമനിധി വിഹിതം - 7159

ജി.എസ്.ടി. - 14318

**കരാറുകാരനുള്ള തുക - 687260/-**

പദ്ധതിക്കായി ആകെ 715896/- രൂപയുടെ പ്രവൃത്തി ചെയ്തുവെങ്കിലും, പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും 7ലക്ഷം രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത് എന്നതിനാൽ കരാറുകാരനുള്ള തുകയിൽ നിന്നും 15896/- രൂപ കുറവു ചെയ്ത് 6,71,364/- രൂപ( 687260-15896) അനുവദിക്കുവാനും, ബാക്കി തുക കൂടുതൽ തുക വകയിരുത്തി പദ്ധതി ഭേദഗതി വരുത്തിയശേഷം അനുവദിക്കുവാനും സെക്രട്ടറി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ ആകെ 7,00,000/- രൂപയുടെ ചെലവു ചെയ്തതായി പദ്ധതി നിർവഹണവുമായി ബന്ധപ്പെട്ട സുലേഖ സോഫ്റ്റ്‌വെയറിൽ ബിൽ ജനറേറ്റ് ചെയ്ത് രേഖപ്പെടുത്തുകയുണ്ടായി. അതായത് കരാറുകാരന് 671364/- രൂപ + ആദായ നികുതി 7159/- രൂപ + ക്ഷേമനിധി വിഹിതം 7159/- രൂപ + ജി.എസ്.ടി. 14318/- രൂപ എന്ന നിരക്കിൽ. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ തനതു ഫണ്ടിൽ നിന്നും 671364/- രൂപ മാത്രമാണ് ചെലവു ചെയ്തത്. ആദായനികുതി, ക്ഷേമനിധി വിഹിതം, ജി.എസ്.ടി. തുടങ്ങിയ ഇനത്തിലെ തുകകൾ ഒടുക്കിയില്ല.

**പദ്ധതിയുമായി ബന്ധപ്പെട്ട മറ്റു അപാകതകൾ ചുവടെ.**

എ) പദ്ധതിക്കായി അസിസ്റ്റന്റ് എഞ്ചിനീയർ തയ്യാറാക്കിയ ബില്ലുകൾ, അളവു പുസ്തകങ്ങൾ ലഭ്യമായില്ല.

ബി) പ്രവൃത്തിക്കായി എൻലിസ്റ്റ് ചെയ്ത പട്ടികയിൽ 3കരാറുകാർ ഉൾപ്പെട്ടിട്ടുണ്ടെങ്കിലും, ശ്രീ. ജെ. മണി എന്ന കരാറുകാരന് പ്രവൃത്തി അനുവദിക്കുന്നതിനാണ് ഭരണസമിതി തീരുമാനിച്ചത്. ഇതിനുള്ള മാനദണ്ഡം വ്യക്തമല്ല. പ്രവൃത്തിക്കായി കരാറുകാരനിൽ നിന്നും നിരതദ്രവ്യം സ്വീകരിച്ചില്ല. കരാറുകാരൻ ഹാജരാക്കിയിട്ടുള്ള കരാറിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.

സി) എസ്റ്റിമേറ്റ് നിരക്കിലാണ് പ്രവൃത്തി കരാറുകാരന് അനുവദിച്ചിട്ടുള്ളത്. എസ്റ്റിമേറ്റ് നിരക്കിൽ നിന്നും കുറഞ്ഞ നിരക്കിൽ പ്രവൃത്തി ചെയ്യിക്കുന്നതിനുള്ള സാധ്യത ഭരണസമിതിയോ നിർവഹണാധികാരിയോ നിർദ്ദേശിച്ചിട്ടില്ല.

ഡി) സാങ്കേതിക സ്വഭാവമുള്ള പ്രവൃത്തിയുടെ നിർവഹണ ചുമതല സെക്രട്ടറിക്കു കൈമാറിയതിനുള്ള കാരണം വ്യക്തമല്ല.

മേൽ അപാകതകൾ സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3/08.06.2022) ന് മറുപടി/രേഖകൾ ലഭ്യമാക്കിയില്ല. രേഖകൾ, മറുപടിയുടെ അഭാവത്തിൽ പദ്ധതി പ്രകാരം ചെലവു ചെയ്ത 671364/- രൂപ തടസ്സം ചെയ്യുന്നു.

## 1-30 കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ വാടക ഒടുക്കൽ - 5,16,693/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്ട് നം. 11/21 ഘടക സ്ഥാപനങ്ങളുടെ വാടക-വൈദ്യുതി ചാർജ്ജ് ടെലഫോൺ ചാർജ്ജ് മുതലായവ

അടങ്കൽ തുക - 6,27,500/-

ചെലവു തുക - 5,16,693/-

ഫണ്ടിനം - മെയിന്റനൻസ് റോഡിതരം

ബിൽ നം.,തീയതി - 8/27.05.2020 - 61750/-

19/23.06.2020 - 30875/-

29/17.08.2020 - 129740/-

40/23.10.2020 - 73582/-

50/18.02.2021 - 183955/-

64/19.03.2021 - 36791/-

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതി പ്രകാരം കൃഷി ഓഫീസ്, ആയുർവേദ ഡിസ്പൻസറി, ഹോമിയോ ഡിസ്പൻസറി, വെറ്റിനറി ഡിസ്പൻസറി തുടങ്ങിയ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങളുടെ വാടകയിനത്തിൽ ആകെ 5,16,693/- രൂപ വിനിയോഗിച്ചിട്ടുണ്ട്. മേൽ കെട്ടിടങ്ങളുടെ ഫെബ്രുവരി 2021 വരെയുള്ള വാടകയാണ് പദ്ധതി പ്രകാരം ഒടുക്കിയിട്ടുള്ളത്. എന്നാൽ, കെട്ടിടത്തിന്റെ ഉടമസ്ഥർ ഗ്രാമപഞ്ചായത്തുമായി സ്ഥാപിച്ചിട്ടുള്ള വാടക കരാർ, വാടക നിരക്ക് നിശ്ചയിച്ചതു സംബന്ധിച്ച രേഖകൾ പരിശോധനക്കു ലഭ്യമായില്ല. രേഖകൾ ലഭ്യമാക്കുവാനറിയിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/10.06.2022) മറുപടി, രേഖകൾ ലഭ്യമാക്കിയില്ല.

വാടകയിനത്തിൽ പ്രതിവർഷം ഭീമമായ തുക പദ്ധതി ഫണ്ടിൽ നിന്നും ചെലവഴിക്കേണ്ടി വരുന്നത് ആശാവഹമല്ല. ഗ്രാമപഞ്ചായത്തിന് സ്വന്തമായി കെട്ടിടങ്ങളുള്ള പക്ഷം പ്രസ്തുത കെട്ടിടത്തിലേക്ക് മേൽ ഓഫീസുകൾ മാറ്റുന്നതിനുള്ള സാധ്യതകളോ, അല്ലാത്ത പക്ഷം സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനോ ഉള്ള സാധ്യതകൾ പരിശോധിക്കേണ്ടതാണ്. സ.ഉ.(എം.എസ്.) നം. 199/73/പൊ.മ. തീയതി 26.09.1973 പ്രകാരമുള്ള രീതിയിൽ ഓഫീസിന്റെ പ്രവർത്തനത്തിനാവശ്യമായ സ്ഥലത്തിന്റെ വിസ്തീർണ്ണം നിർണ്ണയിക്കേണ്ടതും, അതിനനുസരിച്ചുള്ള വിസ്തീർണ്ണം മാത്രം വാടകക്കെടുത്ത് ഉപയോഗപ്പെടുത്തുവാനും ശ്രദ്ധിക്കേണ്ടതാണ്. ഒന്നിലധികം ഓഫീസുകളുടെ പ്രവർത്തനം ഒരുമിച്ച് ഒരു കെട്ടിടത്തിലേക്ക് മാറ്റുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതുമാണ്. മേൽ ചെലവുകളുമായി ബന്ധപ്പെട്ട രേഖകൾ ലഭ്യമാക്കാത്തതിനാലും, ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമല്ലാത്തതിനാലും പദ്ധതി പ്രകാരം ചെലവു ചെയ്ത തുക 5,16,693/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-31 മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച് ഉപയോഗപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട അപാകങ്ങൾ -49934/- രൂപ തടസ്സം ചെയ്യുന്നു

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിക്കപ്പെട്ടിട്ടുള്ള ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ വിവരം ഗ്രാമപഞ്ചായത്ത് സൂക്ഷിക്കുന്നില്ല. തദ്ദേശ സ്ഥാപനത്തിന്റെ പദ്ധതികളിലൂടെയും, എം.എൽ.എ, എം.പി. ഫണ്ട് ഉപയോഗപ്പെടുത്തിയും സ്ഥാപിക്കപ്പെടുന്ന ഹൈമാസ്റ്റ്, മിനിമാസ്റ്റ് ലൈറ്റുകളുടെ പരിപാലനം, വൈദ്യുതി ബിൽ അടവാക്കൽ തുടങ്ങിയവ തദ്ദേശ സ്ഥാപനത്തിന്റെ ചുമതലയാണ്. സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ ഗ്രാമപഞ്ചായത്ത് സൂക്ഷിച്ചിട്ടില്ല. പൊതു വൈദ്യുത വിളക്കുകളുടെ രജിസ്റ്റർ സൂക്ഷിക്കേണ്ടതും, വൈദ്യുത വിളക്കുകളുടെ അറ്റകുറ്റപ്പണികൾക്കും, ഉപകരണങ്ങൾ വാങ്ങുന്നതിനും പ്രസ്തുത രജിസ്റ്റർ പ്രകാരമുള്ള വിവരങ്ങൾ അടിസ്ഥാനമാക്കേണ്ടതുമാണ്. തെരവുവിളക്കുകളുടെ സ്ഥാപിക്കൽ, അറ്റകുറ്റപ്പണികൾ നടത്തൽ എന്നിവയുമായി ബന്ധപ്പെട്ട മറ്റു അപാകങ്ങൾ ചുവടെ.

**1) മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ചതിലെ അപാകങ്ങൾ**

വിവിധ വാർഡുകളിൽ മിനി മാസ്റ്റു ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി ഗ്രാമപഞ്ചായത്തു തൻ വർഷം 5 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ.

| ക്രമ നം | പ്രോ. നം. പേര് | ചെലവു തുക, ഫണ്ടിനം, സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ എണ്ണം | ബിൽ നം./ തീയതി | പ്രവൃത്തി നിർവഹിച്ച ഏജൻസി, കരാർ തീയതി |
|---|---|---|---|---|
| 1 | 271/21 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ വാർഡ് 8 (സ്പിൽ ഓവർ) | 557847/- കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് 4എണ്ണം | 44/07.01.2021 | സിൽക്, 24.04.2020 |
| 2 | 98/21 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - വാർഡ് 11 | 418385/- കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് 3 എണ്ണം | 67/19.03.2021 | സിൽക് 30.09.2020 |
| 3 | 224/21 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വാർഡ് 1 (സ്പിൽ ഓവർ) | 146000/- കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് 51787/- തനത് ഫണ്ട് 1എണ്ണം | 62/19.03.2021 ചെക്ക് നം. 110240/30.03.2021 | സിൽക് 09.09.2020 |
| 4 | 277/21 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വാർഡ് 8 (സ്പിൽ ഓവർ) | 124758/- തനത് ഫണ്ട് 1എണ്ണം | ചെക്ക് നം. 895361/07.08.2020 | സിൽക് കരാർ വച്ചിട്ടില്ല |
| 5 | 278/21 പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ (സ്പിൽ ഓവർ) | 566000/- കേന്ദ്ര ധനകാര്യ കമ്മീഷൻ അവാർഡ് 393864/- തനത് ഫണ്ട് 7എണ്ണം | 54/06.03.2021 ചെക്ക് നം. 895360/7.08.2020 | സിൽക് --- |

**I)** സ.ഉ.(പ്രി)നം.3/2013/എസ്.പി.ഡി. തീയതി 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 6.1 പ്രകാരം ഒരു വർഷത്തേക്ക് ആവശ്യമായ സാധന സാമഗ്രികളുടെ വിവരം മുൻകൂട്ടി തിട്ടപ്പെടുത്തിയ ശേഷമാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്. ആവശ്യമുള്ള സാധനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കിയശേഷം മേൽ പ്രകാരമുള്ള പ്രവൃത്തികൾക്കായി ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനു പകരം വിവിധ പദ്ധതികളായി നടപ്പാക്കിയതിനുണ്ടായ സാഹചര്യം വ്യക്തമല്ല.

**Ii)** ക്രമ നം. 1,3,4 ലെ പ്രവൃത്തികൾ ടെണ്ടർ മുഖാന്തിരം നിർവഹിക്കുന്നതിനാണ് പദ്ധതി അംഗീകാരം ലഭിച്ചിരുന്നത്. ഇതിലേക്കായി ഇലക്ട്രിക്കൽ എഞ്ചിനീയറുടെ എസ്റ്റിമേറ്റ് ലഭ്യമായ ശേഷമാണ് സിൽക് മുഖാന്തിരം പ്രവൃത്തികൾ നടപ്പാക്കുന്നതിനു ഭരണസമിതി തീരുമാനിച്ചത്. അംഗീകൃത പദ്ധതിയിൽ ഭേദഗതി വരുത്തുന്നതിന് ഡി.പി.സി.യുടെ അംഗീകാരം നേടിയില്ല. പദ്ധതി ഭേദഗതി വരുത്തുവാനുണ്ടായ സാഹചര്യം വ്യക്തമല്ല.

**Iii)** സ.ഉ.(എം.എസ്)നം.133/07/തസ്വഭവ തീയതി 18.05.07 പ്രകാരം സെന്റേജ് ചാർജ്ജിനത്തിൽ അക്രഡിറ്റഡ് ഏജൻസികൾക്ക് പ്രവൃത്തി മൂല്യത്തിന്റെ 2.5% നിരക്കിൽ തുക അനുവദിക്കാവുന്നതാണ്. സ.ഉ. (സാധാ)നം.1817/2020/തസ്വഭവ തീയതി 04.10.2020 പ്രകാരം പുതിയതായി അഗ്രിമെന്റ് വച്ച് നടപ്പാക്കാവുന്ന പ്രവൃത്തികൾക്ക് 8% നിരക്കിലും സെന്റേജ് ചാർജ്ജ് അനുവദിക്കാവുന്നതാണ്. ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ക്രമ നം. 1, 2, 3 പ്രവൃത്തികൾ 04.10.2020 നു മുൻപായി കരാർ വക്കപ്പെട്ടവയാണെങ്കിലും സിൽകിന്റെ ബിൽ പ്രകാരം 8% നിരക്കിൽ സെന്റേജ് ചാർജ്ജ് അനുവദിച്ചിരിക്കുന്നു. വിശദാംശം ചുവടെ.

| ക്രമ നം | പ്രോ. നം. പേര് | ചെലവു തുക | പ്രവൃത്തി മൂല്യം | അനുവദിച്ച സെന്റേജ് ചാർജ്ജ് (8%) | അനുവദിക്കാവുന്ന സെന്റേജ് ചാർജ്ജ് (2.5%) |
|---|---|---|---|---|---|
| 1 | 271/21 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ വാർഡ് 8 (സ്പിൽ ഓവർ) | 557847/- | 496108.4 | 36749 | 11484 |
| 2 | 98/21 മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കൽ - വാർഡ് 11 | 418385/- | 344520 | 27562 | 8613 |
| 3 | 224/21 മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - വാർഡ് 1 (സ്പിൽ ഓവർ) | 146000/- 51787/- | 162868 | 13029 | 4072 |
| | **ആകെ** | | | | **24169** |

**Iv)** മേൽ പദ്ധതികൾ പ്രകാരം ആർജ്ജിച്ചിട്ടുള്ള ആസ്തികൾ ഗ്രാമപഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.18/10.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, അധികമായി അനുവദിച്ച സെന്റേജ് ചാർജ്ജസ് 24169/- രൂപ തിരികെ ഈടാക്കി ബന്ധപ്പെട്ട ഹെഡിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതുമാണ്.

ബി) മിനി മാസ്റ്റ് ലൈറ്റുകൾ അറ്റകുറ്റപ്പണികൾ നടപ്പാക്കിയതിലെ അപാകങ്ങൾ - 49934/- രൂപ തടസ്സം ചെയ്യുന്നു.

മിനി മാസ്റ്റു ലൈറ്റുകളുടെ അറ്റകുറ്റപ്പണിക്കായി ഗ്രാമപഞ്ചായത്തു തൻ വർഷം 2 പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. വിശദാംശം ചുവടെ.

| ക്രമ നം | പ്രോ. നം. പേര് | ചെലവു തുക, ഫണ്ടിനം | ബിൽ നം./ തീയതി | പ്രവൃത്തി നിർവഹിച്ച ഏജൻസി |
|---|---|---|---|---|
| 1 | 276/21 ഹൈ മാസ്റ്റ് ലൈറ്റ് റിപ്പയർ വാർഡ് 10 (സ്പിൽ ഓവർ) | 67000/-വികസന ഫണ്ട് പൊതു വിഭാഗം<br>53000/- തനതു ഫണ്ട് | 24/17.08.2020 ചെക്ക് നം. | സിൽക് |
| 2 | 275/21 ബീച്ച് ജംഗ്ഷൻ ഹൈമാസ്റ്റ് ലൈറ്റ് - അക്സസറീസ് മാറ്റി സ്ഥാപിക്കൽ - വാർഡ് 8 | 49934/- തനതു ഫണ്ട് | ചെക്ക് നം. | ഗുണഭോക്തൃസമിതി |

<u>**പദ്ധതികളുടെ നിർവഹണവുമായി ബന്ധപ്പെട്ട അപാകങ്ങൾ ചുവടെ.**</u>

**എ)** ക്രമ നം. 1 ലെ പ്രവൃത്തിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം നേടി. ടെണ്ടർ നടപടികളിലൂടെ നിർവഹിക്കാനുദ്ദേശിച്ചിരുന്ന പ്രവൃത്തി 4.12.2019 ലെ 1(5)-ാം നമ്പർ ഭരണസമിതി തീരുമാനത്തിലൂടെ സിൽക് നെ ഏൽപ്പിച്ച് നിർവഹിച്ചു. സിൽക് ന്റെ സാങ്കേതികാനുമതി ലഭിച്ച എസ്റ്റിമേറ്റ് ഇല്ലാതെയാണ് പ്രവൃത്തി സിൽകിനെ എൽപ്പിച്ചതും, തുക കൈമാറിയിട്ടുള്ളതും.

**ബി)** ക്രമ നം. 2 ലെ പ്രവൃത്തിക്കായി 2018-19 സാമ്പത്തിക വർഷത്തിൽ അംഗീകാരം നേടി. അക്രഡിറ്റഡ് ഏജൻസിയായ സിൽക് മുഖാന്തിരം നിർവഹിക്കാനുദ്ദേശിച്ചിരുന്ന പ്രവൃത്തി സിൽകിൽ നിന്നും എസ്റ്റിമേറ്റ്, സാങ്കേതികാനുമതി തുടങ്ങിയവ ലഭ്യമായ ശേഷം, ജില്ലാ പഞ്ചായത്ത് ഇലക്ട്രിക്കൽ എഞ്ചിനീയറെ കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിച്ച് ഗുണഭോക്തൃസമിതി മുഖാന്തിരം നിർവഹിച്ചു. (പ്രവൃത്തിയുടെ അളവ് പുസ്തകത്തിൽ നമ്പർ രേഖപ്പെടുത്തിയിട്ടില്ല.)

ഗുണഭോക്തൃ സമിതി മുഖാന്തിരം പ്രവൃത്തികൾ നിർവഹിക്കുമ്പോൾ സർക്കുലർ നം. 1/1559/2010/സി.ഇ./ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്. എന്നാൽ സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച്, ഫയലിൽ രേഖകൾ യഥാവിധി സൂക്ഷിച്ചിട്ടില്ല. 02.09.2020 ലെ ഗുണഭോക്തൃയോഗത്തിൽ ശ്രീമതി. ലവറൻസിയെ കൺവീനറായും, ശ്രീ. ബെഞ്ചമിനെ ചെയർമാനായും തെരഞ്ഞെടുത്ത്, പ്രവൃത്തിയുടെ തുക ഇവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. പ്രവൃത്തിയുടെ വരവു ചെലവു കണക്കുകൾ ലഭ്യമാക്കിയില്ല. കൂടാതെ പ്രവൃത്തിക്കായി തുക ലഭിച്ചതിന്റെയും, വിനിയോഗിച്ചതിന്റെയും രേഖകളും ബില്ലുകളും ലഭ്യമായില്ല.

പദ്ധതി അംഗീകാരത്തിൽ നിന്നും വ്യതിചലിച്ച് പ്രവൃത്തികൾ നിർവഹിക്കുവാനുണ്ടായ സാഹചര്യം വ്യക്തമല്ല. അപാകങ്ങൾ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 19/10.06.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ അപാകങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഗുണഭോക്തൃ സമിതി

മുഖാന്തിരം നിർവഹിച്ച ക്രമ നം. 2 ലെ പ്രവൃത്തിയുമായി ബന്ധപ്പെട്ട വരവു ചെലവു കണക്കുകളും, ചെലവു രേഖകളും ലഭ്യമല്ലാത്തതിനാൽ പദ്ധതി പ്രകാരമുള്ള ചെലവു തുക 49934/- രൂപ തടസ്സം ചെയ്യുന്നു.

**സി)** തെരുവ് വിളക്ക് ട്യൂബ് സ്ഥാപിക്കലിലെ അപാകങ്ങൾ

പ്രോ.നം. 270/21 തെരുവ് വിളക്കിന് ട്യൂബ് സ്ഥാപിക്കൽ (സ്പിൽ ഓവർ 327/20)

അടങ്കൽ തുക - 4,00,000/-

ചെലവു തുക - 3,90,000/-

ഫണ്ടിനം - കേന്ദ്ര ധനകാര്യ കമ്മിഷൻ അവാർഡ്

ബിൽ നം.,തീയതി - 65/19.03.2021

നിർവഹണാധികാരി - സെക്രട്ടറി

പദ്ധതിക്കായി ടെണ്ടർ മുഖാന്തിരം വാങ്ങൽ നടത്തുന്നതിനാണ് അംഗീകാരം നേടിയിരുന്നത്. എന്നാൽ ഭരണസമിതിയുടെ 23.06.2020 ലെ 1(5) തീരുമാനത്തിലൂടെ സ്റ്റീൽ ഇൻഡസ്ട്രിയൽ ലിമിറ്റഡ് (സിൽക്) കേരള മുഖാന്തിരം വാങ്ങൽ നടത്തുന്നതിനായി സെക്രട്ടറിയെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സ്ഥാപനത്തിൽ നിന്നും എസ്റ്റിമേറ്റ് സ്വീകരിച്ച് 1950/- രൂപ നിരക്കിൽ 200 20watt എൽ.ഇ.ഡി. ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി വർക്ക് ഓർഡർ നൽകി.

പദ്ധതി ഫയലിൽ 145 ലൈറ്റുകൾ സ്ഥാപിച്ചതായി വാർഡ് മെമ്പർമാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 200 ലൈറ്റുകളും സ്ഥാപിക്കുന്നതിനുള്ള തുക (1950x200=390000) സിൽക്കിന് അനുവദിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. യുടെ സൂപ്പർവിഷനിൽ ആണ് ലൈറ്റുകൾ സ്ഥാപിക്കുന്നത് എന്നതിനാൽ ലൈറ്റുകൾ സ്ഥാപിച്ചതിന് കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്.

അംഗീകൃത പദ്ധതിയിൽ നിന്നും വ്യതിചലിച്ച് സിൽക് മുഖാന്തിരം പദ്ധതി നിർവഹണം നടത്തിയതിനും, സ്ഥാപിച്ച ലൈറ്റുകളുടെ എണ്ണത്തിലെ പൊരുത്തക്കേടുകളും ശ്രദ്ധയിൽപ്പെടുത്തി നൽകി ഓഡിറ്റ് അന്വേഷണത്തിന് (നം. 16/10.06.2022) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബി.യുടെ സൂപ്പർവിഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതുമാണ്.

## **<u>1-32 രസീത് പരിശോധനയിലെ അപാകതകൾ</u>**

രസീത് പരിശോധനയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

- താഴെ പറയുന്ന ക്യാൻസൽ ചെയ്ത രസീതുകളിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

  8739040, 8739070, 8739071, 8739315, 8739328, 8739401, 8739513, 8739685, 8739762, 8739883, 8739990, 8739906, 8740417, 8740450, 8740666, 8740869, 8741055, 8741419, 8741485, 8741513, 8741523, 8741553, 8741705, 8741753, 8741758, 8741766, 8741999, 8742057, 8742200, 8742241, 8742349, 8742425, 8742711, 8742714, 8742722,8742725, 8742733,8743011, 87433160, 87433161, 87433163, 87433226, 87433954, 87433955,87433956, 8744193, 8744650.

- ഒക്ടോബർ മാസത്തിൽ 8740418 മുതൽ 8740444 വരെയുള്ള 28 സാഖ്യാ രസീതുകൾ ഉപയോഗിച്ചതായി കാണുന്നില്ല.

- 03.06.2020, 06.07.2020 തീയതികളിലെ കളക്ഷൻ തുകകൾ യഥാക്രമം 57163/- രൂപ, 8489/- രൂപ 07.07.2020 തീയതിയിലാണ് ബാങ്കിൽ (65652/-രൂപ) അടവാക്കിരിക്കുന്നത്.
- 12.03.2021, 15.03.2021, 16.03.2021 തീയതികളിലെ കളക്ഷൻ തുകകൾ യഥാക്രമം 14638/- രൂപ,26312/- രൂപ, 34503/- രൂപ17.03.2021 തീയതിയിലാണ് ബാങ്കിൽ(75453/-രൂപ)അടവാക്കിരിക്കുന്നത്.
- 17.03.2021, 18.03.21 തീയതികളിലെ കളക്ഷൻ തുകകൾ യഥാക്രമം 27552/-രൂപ, 26009/- രൂപ 19.03.2021 തീയതിയിലാണ് ബാങ്കിൽ(53561/-രൂപ)അടവാക്കിരിക്കുന്നത്.
- താഴെ പയുന്ന മാമ്പൽ രസീത് ബുക്കുകളിൽ സർട്ടിഫിക്കേറ്റ് ഓഫ് കൌണ്ട് ഇല്ല.

  61765, 61760, 61763, 61765,
- 61758-ാം നം രസീത് ബുക്കിൽ 38മുതൽ 62 വരെ യുള്ള രസീതുകളിൽ തീയതി രേഖപ്പെടുത്തിയിട്ടില്ല.
- 61765 -ാം നം രസീത് ബുക്കിൽ കളക്ഷന് ഉപയോഗിച്ച രസീതുകളിൽ Clerk ഒപ്പ് വച്ചിട്ടില്ല.
- 61760, 10791, 61763, 61765 രസീത് ബുക്കുകളിൽ ഉപയോഗിച്ച് ബാക്കി വന്ന രസീതുകൾ ക്യാൻസൽ ചെയ്തിട്ടില്ല.

മേൽ അപാകതകൾക്ക് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17, 10.06.22) മറുപടി ലഭ്യമാക്കിയില്ല.

## 1-33 ഇറിഗേഷൻ കനാലിന് കുറുകെയുള്ള പാലം പണിക്ക് ഇറിഗേഷൻ വകുപ്പിന്റെ അനുമതി വാങ്ങിയില്ല.

പദ്ധതി നം. : 196/21

പദ്ധതി പേര് : ഓടൽ പപ്പന്റെ വിളാകം റോഡിൽ പാലം നിർമ്മാണം

അടങ്കൽ : 250000/-

ചെലവ് : 1693257/-

ബിൽ നം തീയതി : 130/29.03.21

കരുംകുളം ഗ്രാമ പഞ്ചായത്തിന്റെ അസി. എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായ ടി പദ്ധതി പ്രകാരം ഓടൽ പപ്പന്റെ വിളാകം റോഡിൽ ഇറിഗേഷൻ കനാലിന് കുറുകെ പഞ്ചായത്ത് പാലം നിർമ്മിച്ചു എങ്കിലും ആയതിന് ഇറിഗേഷൻ വകുപ്പിന്റെ അനുമതി വാങ്ങിയിട്ടില്ല. ഇത് സംബന്ധിച്ച് 14.06.22 തീയതിയിൽ നൽകിയ 32-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, പാലം നിർമ്മാണം ഇറിഗേഷൻ വകുപ്പിലെ ഉദ്യോഗസ്ഥർ നേരിട്ടെത്തി പരിശോധിച്ചുവെന്നും എന്നാൽ രേഖാമൂലം അനുമതി നൽകിയിട്ടില്ല എന്നും അസിസ്റ്റന്റ് എഞ്ചിനീയർ അറിയിക്കുകയുണ്ടായി.

പാലം പണി, അപ്രോച്ച് റോഡ് നിർമ്മാണം എന്നീ പ്രവർത്തികൾ ഉൾപ്പെട്ട ടി പദ്ധതിയുടെ നിർവ്വഹണത്തിന് മുന്നോടിയായി മണ്ണ് പരിശോധന നടത്തിയതായി കാണുന്നില്ല. പാലം പണി പോലുള്ള പദ്ധതികളിൽ മണ്ണ് പരിശോധന തുടങ്ങിയ സുരക്ഷാ മാനദണ്ഡങ്ങൾ ഒഴിവാക്കുന്നത് മൂലം ഉണ്ടാകുന്ന അപാകങ്ങൾക്ക്, പദ്ധതിയുടെ രൂപീകരണത്തിനും മേൽനോട്ടത്തിനും, നടത്തിപ്പിനും ചുമതലപ്പെട്ട

ഉദ്യോഗസ്ഥർ ഉത്തരവാദികളായിരിക്കും എസ് ത.സ്വ.ഭ (എ.ഡി) വകുപ്പിന്റെ 27.04.22-ലെ എ.ഡി 2/107/2015/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്.

## 1-34 പഞ്ചായത്ത് നിർമ്മിച്ച കെട്ടിടങ്ങൾ/മറ്റ് ആസ്തികൾ എന്നിവ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

2020-21 വർഷത്തിൽ വിവിധ പ്രോജക്ടുകളിലായി, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നിരവധി കെട്ടിടങ്ങൾ, പ്ലേ ഗ്രൗണ്ടുകൾ എന്നിവ പുതുതായി നിർമ്മിക്കുകയോ, അറ്റക്കുറ്റ പണികൾ നടത്തുകയോ ചെയ്തിട്ടുണ്ട്. അറ്റകുറ്റ പണികൾ നടത്തിയ കെട്ടിടങ്ങൾ നിലവിൽ ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. ഇവയുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന മറ്റെന്തെങ്കിലും രേഖകളോ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. പുതുതായി നിർമ്മിച്ചവ ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടുമില്ല. പഞ്ചായത്ത് ആർജ്ജിക്കുന്ന എല്ലാ ആസ്തികളുടെയും വിവരങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.

Net Mending യാർഡുകൾ/ പ്ലേഗ്രൗണ്ടുകൾ എന്നിവ തീരപ്രദേശത്താണ്( Coastal Regulation Zone) നിർമ്മിച്ചിട്ടുള്ളത്. CRZ ലെ നിർമ്മിതികൾക്ക് ബന്ധപ്പെട്ട ഏജൻസികളുടെ നിരാക്ഷേപ പത്രമുണ്ടോ എന്ന ഓഡിറ്റ് അന്വേഷണത്തിന്, Net Mending യാർഡുക ളുടെ നിർമ്മാണത്തിന് CRZ നിയമപ്രകാരം അനുമതി ഉള്ളതായി ബന്ധപ്പെട്ട ഉത്തരവുകൾ സഹിതം എ.ഇ മറുപടി നൽകുകയുണ്ടായി. പ്ലേ ഗ്രൗണ്ടുകളിൽ മേൽക്കൂരയോ, മറ്റ് നിർമ്മാണങ്ങളോ ഇല്ലാത്ത 'Open Space' നിർമ്മിതികൾ ആണെന്നും എ.ഇ അറിയിച്ചിട്ടുണ്ട്.

നേരിട്ടുള്ള സ്ഥലപരിശോധനയിൽ ഗ്രാമപഞ്ചായത്ത് 2020-21 ലും മുൻവർഷങ്ങളിലുമായി നിരവധി Net Mending യാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. ഗ്രാമപ്പഞ്ചായത്തിനെ കൂടതെ മറ്റ് ഏജൻസികളും Net Mending യാർഡുകൾ നിർമ്മിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് നിർമ്മിച്ച പല Net Mending യാർഡുകളിലും പ്ലേഗ്രൗണ്ടുകളിലും പഞ്ചായത്തിന്റെ ഉടമസ്ഥത തെളിയിക്കുന്ന ബോർഡുകളോ പദ്ധതി നിർവ്വഹണം സംബന്ധിച്ച വിവരണമോ പ്രദർശിപ്പിച്ചിട്ടില്ല.

ബന്ധപ്പെട്ട ആസ്തികളെ സംബന്ധിച്ച് ആസ്തി രജിസ്റ്ററിലും പരാമർശങ്ങളില്ലാത്ത സാഹചര്യത്തിൽ ഇവയുടെ ഉടമസ്ഥത ഓഡിറ്റിന് ഉറപ്പ് വരുത്താൻ കഴിഞ്ഞിട്ടില്ല.

ഈ സാഹചര്യത്തിൽ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി പൂർത്തിയാക്കുന്ന എല്ലാ നിർമ്മിതികളും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതും, പദ്ധതി നിർവ്വഹണം സംബന്ധിച്ച അടിസ്ഥാന വിവരങ്ങൾ (ഫണ്ട്, അടങ്കൽ ചെലവ്, ആരംഭിച്ച തീയതി, പൂർത്തിയാക്കിയ തീയതി, നിർവ്വഹണ ഏജൻസി/ കരാറുകാരന്റെ പേര്) എന്നിവ പദ്ധതി പ്രദേശത്ത് പ്രദർശിപ്പിക്കേണ്ടതുമാണ്.

2020-21 വർഷത്തിൽ എ.ഇ നിർവ്വഹണ ഉദ്യോഗസ്ഥനായി നിർവ്വഹിച്ചതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്താത്തതുമായ ചില നിർമ്മാണ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവ് |
|---|---|---|---|---|
| 1 | 255 | ഗ്രൗണ്ട് നിർമ്മാണം- പൂർത്തീകരണം. വാർഡ് 1 | 10,00,000/- | 998720/- |

| | | | | |
|---|---|---|---|---|
| 2 | 59 | Net മെൻഡിംഗ് യാർഡ് നിർമ്മാണം-വാർഡ് 8 | 1319000/- | 1318430/- |
| 3 | 171 | പണ്ടകശാല Net മെൻഡിംഗ് യാർഡ്-വാർഡ് 8 | 490000/- | 489987/- |
| 4 | 306 | കല്ല് മുക്ക് ഗ്രൗണ്ട് നിർമ്മാണം - വാർഡ് 7 | 967000/- | 966035/- |
| 5 | 307 | ഗ്രൗണ്ട് നിർമ്മാണം വാർഡ് 5 | 1243000/- | 1230566/- |
| 6 | 37 | സാംസ്ക്കാരിക മന്ദിരം നിർമ്മാണം. | 711000/- | 711000/- |
| 7 | 164 | ചാരത്തടി പുരയിടം Net Mending യാർഡ് പുനരുദ്ധാരണം വാർഡ് 17 | 150000/- | 146538/- |
| 8 | 66 | കൊച്ചുതുറ ഗ്രൗണ്ട് നവീകരണം വാർഡ് 9 | 150000/- | 149902/- |
| 9 | 258 | കലാതരംഗ് ലൈബ്രറി കെട്ടിടം മെയിന്റനൻസ്-വാർഡ് 8 | 200000/- | 154262/- |
| 10 | 168 | Badminton Court നവീകരണം വാർഡ് 11 | 500000/- | 201685/- |
| 11 | 142 | ഗോൾ പോസ്റ്റ് സ്ഥാപിക്കൽ വാർഡ് 9 | 100000/- | 95330/- |
| 12 | 312 | ഗോൾ പോസ്റ്റ് റിപ്പയർ വാർഡ് 8 | 49000/- | 41416/- |
| 13 | 318 | പണ്ടകശാല Net Mending Yard റിപ്പയർ വാർഡ് 8 | 25000/- | 21804/- |
| 14 | 175 | വള്ളം പുരയിടത്തിൽ Net Mending Yard നിർമ്മാണം | 1056618/- | 1056617/- |
| 15 | 220 | ഗ്രൗണ്ട് നിർമ്മാണം | 1493000/- | 1192356/- |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 നഷ്ടപരിഹാരം നൽകിയത് - പലിശ അധികമായി അനുവദിച്ചു - 8,389/- രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ജസ്റ്റിസ് സിരി ജഗൻ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 28.02.2020 ലെ സ.ഉ.(സാധാ)നം.503/2020/തസ്വഭവ ഉത്തരവിലൂടെ ക്ലെയിം നം. 315/2017 ശ്രീ. അന്തോനിയപ്പന് 4,05,000/- രൂപ ക്ലെയിം തീയതിയായ 26.06.2017 മുതൽ, തുക അനുവദിക്കുന്ന തീയതി വരെ 9% നിരക്കിൽ പലിശ ഉൾപ്പെടെ അനുവദിക്കുന്നതിന് നിർദ്ദേശിച്ച് ഉത്തരവായിരുന്നു. ക്ലെയിം തുക 4,05,000/- രൂപ 03.06.2020 ൽ ശ്രീ. അന്തോനിയപ്പന് ഗ്രാമപഞ്ചായത്ത് അനുവദിച്ചു നൽകി (ചെക്ക് നം. 135464). ക്ലെയിം

തീയതി മുതൽ ക്ലെയിം തുക അനുവദിച്ച തീയതിയായ 03.06.2020 വരെയുള്ള പലിശയായ 1,07,153/- രൂപ അനുവദിച്ചു നൽകുന്നതിലേക്കായി 22.06.2020 ൽ ശ്രീ. അന്തോനിയപ്പൻ സമർപ്പിച്ച അപേക്ഷയിന്മേൽ സർക്കാർ ഉത്തരവിൽ പറഞ്ഞ പ്രകാരം 4,05,000/- രൂപയ്ക്ക് 26.06.2017 മുതൽ 03.06.2020 വരെയുള്ള പലിശ 9% നിരക്കിൽ കണക്കാക്കി അനുവദിക്കുന്നതിനു 23.06.2020 ലെ ഭരണസമിതി സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട് (തീരുമാനം നം.5(1)). 26.06.2017 മുതൽ 03.06.2020 വരെയുള്ള പലിശ 1,07,153/- രൂപ (4,05,000X9/100X1073/365) അനുവദിക്കുന്നതിനു പകരം 1,15,542/- (ചെക്ക് നം. 2061521/26.08.2020) രൂപയാണ് ഗ്രാമപഞ്ചായത്ത് അനുവദിച്ചത്. അധികമായി തുക അനുവദിച്ചതിനുള്ള കാരണം അന്വേഷിച്ചു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.27/13.06.2022) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിർദ്ദേശിച്ചതിലും അധികമായി അനുവദിച്ച തുക 8,389/- ( 1,15,542- 1,07,153) രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. തുക അടിയന്തിരമായി ഈടാക്കി തനതു ഫണ്ടിൽ ഒടുക്കിയതിനുള്ള രേഖകൾ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം -4
# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | ചെലവ് |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 112/21 ന്യൂ ലൈഫ് കോളനി നവീകരണം-വീട് പുനരുദ്ധാരണം അധിക ധനസഹായം നൽകൽ | 240000 | 200000 |
| | 215/21 ലക്ഷം വീട് കോളനി - വീട് പുനരുദ്ധാരണം | 530000 | 210000 |
| | 43/21 സമഗ്ര ക്ഷീര വർദ്ധിനി പാലിന് സബ്സിഡി | 200000 | 160000 |
| | 34/21 സമഗ്ര ക്ഷീര വർദ്ധിനി പാലിന് സബ്സിഡി | 200000 | 100000 |
| ആകെ | | 1170000 | 670000 |
| ബ്ലോക്ക് പഞ്ചായത്ത് | 112/21 ന്യൂ ലൈഫ് കോളനി നവീകരണം-വീട് പുനരുദ്ധാരണം അധിക ധനസഹായം നൽകൽ | 120000 | 100000 |
| | 97/21 ലൈഫ് ഭവന നിർമ്മാണം (ജനറൽ) | 2400000 | 800000 |
| | 215/21 ലക്ഷം വീട് കോളനി - വീട് പുനരുദ്ധാരണം | 280000 | 120000 |
| | 295/21 സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 310500 | 310500 |
| | 16/21 സ്നേഹസ്പർശം - മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 363375 | 363375 |
| | 34/21 സമഗ്ര ക്ഷീര വർദ്ധിനി പാലിന് സബ്സിഡി | 200000 | 100000 |
| ആകെ | | 3673875 | 1793875 |

| | 19-20 B4 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | വരവ് | ആകെ | സുലേഖ ചെലവ് പത്രിക പ്രകാരം ചെലവ് | 20-21 B4 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് വിഹിതം | 26048 | 670000 | 696048 | 670000 | 26048 |
| ബ്ളോക്ക്പഞ്ചായത്ത് വിഹിതം | 680370 | 1483375 | 2163745 | 1793875 | 680370 |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം സംബന്ധിച്ച് വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളും സുലേഖ പ്രകാരമുള്ള കണക്കുകളും പൊരുത്തപ്പെടുന്നില്ല. ആയത് പൊരുത്തപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | കെ.എസ്. ഇ.ബി. | 87/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ | 513617 | 0 | 513617 |
| 2 | | 100/21 മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കുന്നതിന് ഇലക്ട്രിക് പോസ്റ്റ് വൈദ്യുതി ലൈൻ എന്നിവ സ്ഥാപിക്കൽ - വാർഡ് 11 | 57525 | 0 | 57525 |
| 3 | | 38/21 സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ & പോസ്റ്റ് ഷിഫ്റ്റിംഗ് | 743544 | 0 | 743544 |
| | **ആകെ** | | **1314686** | **0** | **1314686** |
| 4 | കെ.ഡബ്ല്യു.എ. | പ്രോ. നം.84/21 വാട്ടർ സപ്ലൈ പൈപ്പ് ലൈൻ സ്ഥാപിക്കൽ | 850000 | 0 | 850000 |
| | **ആകെ** | | **850000** | **0** | **850000** |

| | 19-20 B18 ഷെഡ്യൂൾ പ്രകാരം മുന്നിരിപ്പ് | 20-21 വർഷത്തെ നിക്ഷേപം | ആകെ | ചെലവ് | 20-21 B18 ഷെഡ്യൂൾ പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 5592472 | 1314686 | 6907158 | 0 | 6779098 |
| കെ.ഡബ്ല്യു.എ | 822200 | 850000 | 1672200 | 0 | 822200 |

വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള കണക്കുകളിലെ പൊരുത്തക്കേടുകൾ പരിഹരിച്ചു ലഭ്യമാക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല.

## 4-4 വായ്പാ-വായ്പാ തിരിച്ചടവ്

**KURDFC ലോണുമായി ബന്ധപ്പെട്ട് വാർഷിക ധനകാര്യ പത്രികയിൽ നിന്നും ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു.**

| മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|
| 9783943 | 10360000 | 20143943 | 2374666 | 17769277 |

വാർഷിക ധനകാര്യ പത്രിക, ലോൺ രജിസ്റ്റർ എന്നിവയുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നുവെന്ന് പരിശോധിക്കാൻ കാലികമാക്കിയ ലോൺ രജിസ്റ്റർ ലഭ്യമാക്കിയില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| സ്ഥിര നിക്ഷേപ തുക | സ്ഥിര നിക്ഷേപം സ്ഥീകരിച്ച ബാങ്ക് | അക്കൗണ്ട് നമ്പർ |
|---|---|---|
| **5000000/-** | ഇൻഡ്യൻ ബാങ്ക് | 6678818647 |

*.13-2-2022-ൽ നിക്ഷേപകാലാവധി പൂർത്തിയായ പ്രസ്തുത തുക പുതുക്കി.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിവരം

ഇല്ല

## 4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 23630990.70 |
| ഓഡിറ്റ് വർഷത്തെ വരവ് | 133781155.00 |
| ആകെ | 157412145.70 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 153204908.00 |
| നീക്കിയിരിപ്പ് | 4207237.70 |
| വരവിനങ്ങളുടെ നഷ്ടം | ഇല്ല |
| ചെലവിനങ്ങളുടെ നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 8,389 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 74,52,130 |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 8389 | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |

### സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-16 | 2,25,000/- | ശ്രീ. സുമിൽ ബി.എസ്., വെറ്റിനറി |

| | | |
|---|---|---|
| | | സർജൻ |
| 1-18 | 25,000/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-26 | 37,99,453/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-27 | 13,14,686/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-28 | 8,50,000/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-29 | 6,71,364/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-30 | 5,16,693/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| 1-31-ബി | 49,934/- | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി |
| **ആകെ** | **74,52,130/-** | |

**ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല.**

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം**

| **ക്രമ നം** | **പേരും ഉദ്യോഗപ്പേരും** | **ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം** | **സ്ഥിരം മേൽവിലാസം** |
|---|---|---|---|
| 1 | ശ്രീ. സുമിൽ ബി.എസ്., വെറ്റിനറി സർജൻ | | ‘റെഹഫോത്ത് ’ കാഞ്ഞിരംകുളം |
| 2 | ശ്രീ. സന്തോഷ് കുമാർ പി.ബി, സെക്രട്ടറി | | ‘സൗപർണ്ണിക’, പുഴയോരം ലൈൻ, തിരുവല്ല പി.ഒ, തിരുവനന്തപുരം |

## 4-10 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2001-02 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി | 3 |

| | | |
|---|---|---|
| | 25.06.2018 | |
| 2002-03 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി 25.06.2018 | 2 |
| 2004-05 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി 25.06.2018 | 3 |
| 2005-06 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി 25.06.2018 | 1 |
| 2007-08 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1413/2018 തീയതി 25.06.2018 | 7 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1290/2018 തീയതി.25.6.2018 | 10 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/1259/2016 തീയതി.20.07.2016 | 25 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2071/2016 തീയതി.03.12.2016 | 7 |
| 2016-17 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/2051/2017 തീയതി.23.10.2017 | 13 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/346/2019 തീയതി 24.04.2019 | 13 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/464/2020 തീയതി 14.05.2020 | 41 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജി.പി.3/120/2022 തീയതി 3-5-2022 | 29 |

**ഡെപ്യൂട്ടി ഡയറക്ടർ,**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

എസ്

**അനുബന്ധം-1**
**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2
## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കരുംകുളം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്